2787

ഇന്ദു

പെന്തിപ്പു

ಕರ್ನಾಟಕ ವಿದ್ಯಾವರ್ಧಕ ಸಂಘ

2787

2787

This is a Specimen

2787

This is a specimen

189

8 V 78

ഇരുളും വെളിച്ചവും

['ലെ മിറാബ്ള്' എന്ന ഫ്രെഞ്ചു നോവലിന്റെ സംഗ്രഹം]

[ഒന്നാംഭാഗം]

★

എൻ. കുഞ്ഞുപിള്ള എം. എ.

ലെക്ചറർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.

★

വിദ്യോദയ പ്രസിദ്ധീകരണങ്ങൾ

തിരുവനന്തപുരം

വില 14 അണ

Irulum Velichavum

(ABRIDGED NOVEL)

[PART I]

★

N. Krishna Pillay M. A.

★

First Impression : June 1956
Second Impression: November 1956

★

Publishers

VIDYODAYA PUBLICATIONS

CARMEL ROAD; : VAZHUTHACAUD

TRIVANDRUM.

Price As. 14

വിദ്യോദയ പ്രസിദ്ധീകരണങ്ങൾ

സ്റ്റാൻഡാർഡ് VI

(1) വേലുത്തമ്പിദളവാ .... [വീരചരിതം]
(2) മുടിയനായ പുത്രൻ .... .. [ലഘുനാടകം]
(3) ചീത ... ... [സംഭാഷണഗാനം]
(4) വിമാനത്തിന്റെ കഥ .... [ശാസ്ത്രം]
(5) ധർമ്മരശ്മി... .... [ജീവചരിത്രം]

സ്റ്റാൻഡാർഡ് VII

(1) ശ്രീനാരായണഗുരു .... [ജീവചരിത്രം]
(2) റേഡിയോ .... [ശാസ്ത്രം]
(3) സഹപാഠികൾ .... [ഗാനനാടകം]
(4) അവർ ഇന്നും ജീവിക്കുന്നു .... [ജീവചരിത്രസമാഹാരം]
(5) നമ്മുടെ ആഘോഷങ്ങൾ ... [സാമൂഹ്യചരിത്രം]

സ്റ്റാൻഡാർഡ് VIII

(1) ആകാശജേതാക്കൾ ... [സത്യാന്വേഷണങ്ങൾ]
(2) സിനിമാ ... ... [ശാസ്ത്രം]
(3) ജന്തുനിഷ്പന്ന .... [ഹിതോപദേശം]
(4) തിരോത്തമ (ഒന്നാംഭാഗം)
[ഭരതീയാഖ്യായികാസംഗ്രഹം]
(5) തിരോത്തമ (രണ്ടാംഭാഗം)
[ഭാരതീയാഖ്യായികാസംഗ്രഹം]

സ്റ്റാൻഡാർഡ് IX

(1) ബാപ്പുജി ... ... [ജീവചരിത്രം]
(2) ശരീരമാദ്യം .... [ശരീരശാസ്ത്രം]
(3) ഖിന്നുക്കാം ... . [ശ്ലോകസമാഹാരം]
(4) ഇൻഡ്യ മുന്നാട്ട് (ഒന്നാംഭാഗം) [രാജ്യചരിത്രം]
(5) ഇൻഡ്യ മുന്നാട്ട് (രണ്ടാംഭാഗം) [രാജ്യചരിത്രം]

സ്റ്റാൻഡാർഡ് X

(1) ചെങ്കോലും മരവുറിയും .... [നാടകം]
(2) സമ്പൂർണ്ണജീവിതം .... [ജീവചരിത്രം]
(3) ഭാവദർപ്പണം ... ... [കവിതാസമാഹാരം]
(4) ഇരുളും വെളിച്ചവും (ഒന്നാംഭാഗം)
[പാശ്ചാത്യാഖ്യായികാസംഗ്രഹം]
(5) ഇരുളും വെളിച്ചവും (രണ്ടാംഭാഗം)
[പാശ്ചാത്യാഖ്യായികാസംഗ്രഹം]

സ്റ്റാൻഡാർഡ് XI

(1) മൗലികാവകാശങ്ങൾ ... [രാഷ്ട്രീയകാര്യം]
(2) ഗീതാപരിത്യാഗം ... [കവിതാസംഗ്രഹം]
(3) കൈരളിയുടെകഥ–ഒന്നാംഭാഗം
(4) കൈരളിയുടെകഥ–രണ്ടാംഭാഗം } (സാഹിത്യചരിത്രം)
(5) കൈരളിയുടെകഥ–മൂന്നാംഭാഗം

ഈ ഗ്രന്ഥപരമ്പരയെപ്പറ്റി

അപ്പർ പ്രൈമറി സ്കൂളിലേയും സെക്കൻഡറി സ്കൂളിലേയും വിദ്യാർത്ഥികളെ ഉദ്ദേശിച്ചാണ് ഞങ്ങളും ഈ ഗ്രന്ഥപരമ്പര തയാറാക്കിയിട്ടുള്ളതു്. ഓരോ ക്ലാസ്സിലേയും മാതൃഭാഷാധ്യയനത്തിനു് നിർദ്ദേശിച്ചിട്ടുള്ള പുസ്തകങ്ങളിൽ കൂടികൂടി പരിചയിക്കുന്ന പദങ്ങളേയും പ്രയോഗങ്ങളേയും ശൈലികളേയും അവരുടെ മനസ്സിൽ കൂടുതൽ ദൃഢമായി പ്രതിഷ്ഠിക്കുന്നതിനും ബഹുമുഖമായ വിജ്ഞാനം അവർക്കു് നൽകുന്നതിനും ഉപകരിക്കത്തക്കവിധം ഈ ഗ്രന്ഥങ്ങളിലെ പ്രതിപാദ്യങ്ങളും പ്രതിപാദനരീതിയും ക്രമപ്പെടുത്തി സംവിധാനം ചെയ്തിട്ടുണ്ടു്. ഓരോ ക്ലാസ്സിലും പഠിക്കുന്ന കുട്ടികളുടെ മാനസികവും ഭാഷാവിജ്ഞാനപരവുമായ നിലവാരത്തിനൊപ്പിച്ചാണു് അതാതു ക്ലാസ്സിലേയ്ക്കു് പുസ്തകങ്ങൾ നിർമ്മിച്ചിട്ടുള്ളതു്. മുൻക്ലാസ്സുകളിലെ പുസ്തകങ്ങളിലുള്ള പദങ്ങളും രചനാശൈലികളും വേണ്ടിടത്തോളം അടുത്ത ക്ലാസ്സുകളിലെ ഗ്രന്ഥങ്ങളിൽ ആവർത്തിക്കുക, ഓരോ ക്ലാസ്സിലുമുള്ള വിദ്യാർത്ഥികൾക്കു് പുതിയ വാക്കുകളും നൂതനശൈലികളും മനസ്സിലാക്കാൻ അവസരം നൽകുക, മലയാള സാഹിത്യത്തിലെ സുപ്രധാനവും മനോഹരവുമായ കവിതകളോടും അവയുടെ കർത്താക്കന്മാരോടും സമ്പർക്കം പുലർത്താൻ കുട്ടികളെ സഹായിക്കുക, ഗാനനാടകം, ഗദ്യനാടകം, ഒറ്റയാൾനാടകം, ഭാഷാഗാനം, ജീവചരിത്രം, ദേശചരിത്രം, നോവൽ, സഞ്ചാരകഥ, ശാസ്ത്രം, സാമാന്യവിജ്ഞാനം, തുടങ്ങിയ വിവിധവിഷയങ്ങളിൽ ബാലികാബാലന്മാർക്കു കൗതുകം ഉളവാക്കുക, എന്നിവയാണു് ഈ ഗ്രന്ഥപരമ്പരയുടെ മുഖ്യലക്ഷ്യങ്ങൾ. ഇക്കാര്യത്തിൽ ഞങ്ങൾ എത്രമാത്രം വിജയിച്ചിട്ടുണ്ടെന്നു നിശ്ചയിക്കേണ്ടതു് ഇന്നാട്ടിലെ അധ്യാപകസുഹൃത്തുക്കളും വിദ്യാഭ്യാസവിചക്ഷണന്മാരുമാണു്.

പ്രസാധകർ { അംശി പി. ശ്രീധരൻനായർ
എൻ. കൃഷ്ണപിള്ള
വി. ആനന്ദക്കുട്ടൻനായർ

ഈ ഗ്രന്ഥത്തെപ്പറ്റി

വിക്തർ യൂഗോ എഴുതിയ 'ലെ മിറാബ്ൾ' എന്ന വിശ്വവിഖ്യാതമായ ഫ്രെഞ്ചു നോവലിനു് ചില പരിഭാഷകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ടു്. അവയിൽ നാലപ്പാട്ടു നാരായണമേനോന്റെ 'പാവങ്ങൾ' എന്ന ഗ്രന്ഥം പലതുകൊണ്ടും ശ്ലാഘ്യമാണു്. മൂലകൃതിയിലെ കഥാവസ്തുവിന്റെ രണ്ടോ മൂന്നോ സംഗ്രഹങ്ങളും നമ്മുടെ ഭാഷയിൽ രചിക്കപ്പെട്ടിട്ടുണ്ടു്. ഇപ്പോൾ അവതരിപ്പിക്കുന്നതും അത്തരം ഒരു സംക്ഷേപമാണു്.

മൂലഗ്രന്ഥത്തിലെ ദീർഘമായ ദേശകാലവർണ്ണനകളും അപ്രധാനസംഭവങ്ങളും വിട്ടുകളഞ്ഞു്, ബാലികാബാലന്മാരുടെ ശ്രദ്ധയെ ഏകാഗ്രമാക്കി നിറുത്താൻ പര്യാപ്തമായ വിധത്തിൽ, കഥാകഥനം നടത്താനാണു് ഈ സംഗ്രഹത്തിൽ യത്നിച്ചിട്ടുള്ളതു്. കുട്ടികളുടെ മനസ്സിനെ ആകർഷിക്കുന്നതും വികസിപ്പിക്കുന്നതുമായ ഭാഗങ്ങൾ വിസ്തരിച്ചു പറഞ്ഞിട്ടുണ്ടു്. ആശാസ്യമായ ഒരു ആഖ്യാനശൈലി വിദ്യാർത്ഥികൾക്കു കാണിച്ചുകൊടുക്കാനും ഗ്രന്ഥകാരൻ ആഗ്രഹിക്കുന്നു. ഉത്തമാഖ്യായികകൾ പാരായണം ചെയ്യുന്നതിനു് ഈ പുസ്തകം അവർക്കു് പ്രേരകമായിരിക്കുമെന്നു് വിശ്വസിക്കുകയും ചെയ്യുന്നു.

(*All Rights Reserved*)

1. ഒരിക്കലും അടയാത്ത വാതിൽ

'ഫ്രെഞ്ചു വിപ്ലവം' എന്ന ചരിത്രപ്രസിദ്ധമായ സംഭവത്തെക്കുറിച്ചു നിങ്ങൾ കേട്ടിരിക്കും. ഫ്രാൻസിലെങ്ങും ആ കൊടുങ്കാറ്റു ചുറ്റിയടിക്കെ, അനവധി ഭവനങ്ങൾ നിരാധാരമായി. ജനങ്ങൾ കണക്കറ്റ ദുരിതങ്ങൾക്കു് ഇരയായി. അവരിൽ ഒരാളായിരുന്നു ചാറൽസ് മിറിയേൽ. സ്വന്തം കുടുംബത്തിന്റെ നാശവും സമുദായത്തിന്റെ [1] ജീർണ്ണതയും വിപ്ലവം സൃഷ്ടിച്ച [2] ദുരന്തങ്ങളും കണ്ടു് [3] പ്രക്ഷുബ്ധനായ അദ്ദേഹം, സുഖഭോഗങ്ങ

---

1. ജീർണ്ണത = കേടു് ; പഴകിപ്പൊടിഞ്ഞ അവസ്ഥ ; നാശം
2. ദുരന്തങ്ങൾ = ആപത്തുകൾ ; ചീത്തഫലങ്ങൾ
3. പ്രക്ഷുബ്ധൻ = അധികം ക്ഷോഭിച്ചവൻ

ളിൽനിന്നകന്നു, ഏകാന്തമായിജീവിക്കാൻ അഭിലഷിച്ചു. [1] ആയുശ്ശിഷ്ടം മനുഷ്യസേവനത്തിനായി അദ്ദേഹം സമർപ്പിച്ചു. അങ്ങനെ കുറെ സംവത്സരം ആധ്യാത്മികജീവിതം നയിച്ചതിനുശേഷം മിറിയേൽ ഒരു ബിഷപ്പായി. ഈ സ്ഥാനലബ്ധി അദ്ദേഹത്തിന്റെ [2] ദീനാനുകമ്പയെയും സേവനകൗതുകത്തെയും [3] പ്രവൃദ്ധമാക്കി. ആരിലും സ്നേഹം പകരുന്ന ഹൃദയവും ആർഭാടമില്ലാത്ത ലളിത ജീവിതവും അദ്ദേഹത്തെ അറിയാവുന്ന ആളുകൾക്കെല്ലാം ആശ്വാസകരമായിരുന്നു. സഹോദരിയായ ബാതിസ്തീനും വേലക്കാരിയായ ഒരു വൃദ്ധസ്ത്രീയും മാത്രമേ അദ്ദേഹത്തോടൊന്നിച്ചു താമസിച്ചിരുന്നുള്ളൂ.

പലതരം വൃക്ഷങ്ങൾ വളർന്നു നിന്നിരുന്ന വിശാലമായ ഒരു പറമ്പിന്റെ നടുക്കുള്ള [4] രമണീയ ഹർമ്മ്യം ആയിരുന്നു ബിഷപ്പിന്റെ അരമന. തൊട്ടടുത്തുള്ള ഒരു കൊച്ചുപുരയിടത്തിൽ ഒരാശുപത്രിയും ഉണ്ടായിരുന്നു. അരമനയിൽ താമസം തുടങ്ങിയതിന്റെ മൂന്നാംദിവസം, ബിഷപ്പു് ആശുപത്രി സന്ദർശിച്ചു. അനന്തരം അദ്ദേഹം ആശുപത്രിയിലെ സൂപ്രണ്ടിനെ തന്റെ അരമനയിൽ

---

1. ആയുശ്ശിഷ്ടം = ആയുസ്സിന്റെ ബാക്കിഭാഗം
2. ദീനാനുകമ്പ = ദുഃഖിതരോടുള്ള ദയ
3. പ്രവൃദ്ധമാക്കുക = വർദ്ധിപ്പിക്കുക.
4. രമണീയ ഹർമ്മ്യം = മനോഹരമായ മാളിക.

2787

വിളിച്ചുവരുത്തി. സംഭാഷണമധ്യേ ബിഷപ്പ് അന്വേഷിച്ചു.

"ഇപ്പോൾ ആശുപത്രിയിൽ എത്ര രോഗികളുണ്ട്?."

"ഇരുപത്തിയാറ്"" സൂപ്രണ്ട് ഉത്തരം നൽകി.

"ശരി, അത്രയും പേക്ക് കിടക്കാൻ കെട്ടിടത്തിൽ ഇടമുണ്ടെന്നു തോന്നുന്നുണ്ടോ ?" ബിഷപ്പ് വീണ്ടും ചോദിച്ചു.

"എന്തുചെയ്യാം ! ഇപ്പോഴത്തെ നിലയിൽ എന്തെങ്കിലും വ്യത്യാസം വരുത്താൻ ഞങ്ങൾക്കു കഴിവില്ല." സൂപ്രണ്ട് തന്റെ [1] നിസ്സഹായാവസ്ഥ വെളിപ്പെടുത്തി.

ബിഷപ്പ് അല്പനേരം നിശ്ശബ്ദനായിരുന്നു. അതിനു ശേഷം തന്റെ അരമനയിലേയ്ക്കു നോക്കിക്കൊണ്ട് സൂപ്രണ്ടിനോട് ഇങ്ങനെ ചോദിച്ചു. "ഈ കെട്ടിടത്തിൽ എത്ര കിടക്കയ്ക്കു സ്ഥലമുണ്ട് ?"

സൂപ്രണ്ടു മറുപടിപറയാൻ കുഴങ്ങി, മൂകനായി നിന്നതേയുള്ളൂ. ബിഷപ്പു തുടർന്നു.

"ഞാൻ പറയുന്നതു ശ്രദ്ധിച്ചു കേൾക്കണം. അഞ്ചോ ആറോ മുറികളിലായി ആകെ ഇരുപത്തിയാറു രോഗികളും ആശുപത്രിയിലുണ്ട്. ഈ വമ്പിച്ച അരമനയിലാ

---

1. നിസ്സഹായാവസ്ഥ = ആരുടേയും സഹായമില്ലാത്ത അവസ്ഥ.

കട്ടെ, ഞങ്ങൾം മൂന്നുപേരേ ഉള്ളൂ. ഈ കെട്ടിടത്തിൽ അറുപതു രോഗികൾക്കു് സ്ഥലം ഉണ്ടാക്കാൻ ഒരു വിഷമവുമില്ല. നിങ്ങൾം ദയവുണ്ടായി ഈ വീടു് സ്വീകരിക്കുമെങ്കിൽ എനിക്കു് ആ കെട്ടിടം ധാരാളം മതി. വാസ്തവത്തിൽ ചെറിയ വീടാണു് എനിക്കുള്ളതു്. വലുതു് ആശുപത്രിക്കുള്ളതും. എന്റേതു് എനിക്കു തരൂ. ഈ വീടു് നിങ്ങളുടേതാണു്."

അടുത്ത ദിവസംതന്നെ ആശുപത്രിയിൽ കിടന്ന ഇരുപത്തിയാറു രോഗികൾം അരമനയിലേയ്ക്കു മാറ്റപ്പെട്ടു. ബിഷപ്പു് ആശുപത്രിക്കെട്ടിടത്തിൽ താമസം തുടങ്ങുകയും ചെയ്തു.

പ്രതിവർഷം പതിനയ്യായിരം ഫ്രാങ്കു് ആയിരുന്ന ബിഷപ്പിനു ലഭിച്ചിരുന്ന [1] വേതനം. അതിൽനിന്നും പതിനാലായിരം [2] ഫ്രാങ്കു് അദ്ദേഹം ധർമ്മച്ചിലവിനു നീക്കിവച്ചിട്ടു്, ആയിരം ഫ്രാങ്കു മാത്രമേ സ്വന്തം ആവശ്യങ്ങൾംക്കായി ചിലവഴിച്ചിരുന്നുള്ളൂ. നഗരമെങ്ങും മുടങ്ങാതെ സഞ്ചരിച്ചു്, തന്റെ സന്ദേശം പ്രവൃത്തിരൂപത്തിൽ അദ്ദേഹം പ്രചരിപ്പിച്ചുകൊണ്ടിരുന്നു. പൂർണ്ണഗൗരവം തുളുമ്പുന്ന വിധത്തിൽ, ലളിതമായ ഉദാഹരണങ്ങൾം ചൂണ്ടിക്കാണിച്ചു്, ഒരു പിതാവിന്റെ വാത്സല്യ

---

1. വേതനം = ശമ്പളം.
2. ഫ്രാങ്കു് = ഫ്രാൻസിലെ ഒരു നാണയം

ത്തോടെ, ജനങ്ങളെ മഹാസത്യങ്ങൾ പഠിപ്പിക്കുവാൻ അദ്ദേഹം പരിശ്രമിച്ചു.

ഒരിക്കൽ ഒരു ദാരുണസംഭവം ഉണ്ടായി. കൊല്ലക്കുറ്റം ചുമത്തി ഒരാളെ കോടതി വധിക്കാൻ വിധിച്ചു. ജയിലിലെ ഉപദേശിക്കു് സുഖമില്ലാതിരുന്നതുകൊണ്ടു്, കുറ്റവാളിക്കുവേണ്ടി അവസാനനിമിഷങ്ങളിൽ മതപരമായ കർമ്മങ്ങൾ നടത്താൻ ആരും ഉണ്ടായിരുന്നില്ല. ശിക്ഷിക്കപ്പെട്ട തടവുകാരനു് കർമ്മം നടത്താൻ അവിടത്തെ വികാരി തയാറില്ലായിരുന്നു. ബിഷപ്പു് ഈ വിവരം അറിഞ്ഞപ്പോൾ പറഞ്ഞതു് ഇപ്രകാരമാണു്. "വികാരിയുടെ നിലപാടു് ശരിയാണു്. ആ കർമ്മം അദ്ദേഹം ചെയ്യേണ്ടതല്ല. ഞാനാണു് അതിനു കടപ്പെട്ടവൻ". അദ്ദേഹം നേരെ കാരാഗൃഹത്തിലേയ്ക്കു പോയി; കുറ്റക്കാരനെ കണ്ടു സാന്ത്വനിപ്പിച്ചു. ഊണും ഉറക്കവും മറന്നു്, രാത്രി മുഴുവനും തടവുകാരന്റെ ആത്മാവിനു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടു്, അദ്ദേഹം അവിടെ കഴിഞ്ഞുകൂടി. പിറേറദിവസം അധികാരികൾ കൊലസ്ഥലത്തേയ്ക്കു കൊണ്ടുപോയ പുള്ളിയെ ബിഷപ്പു് [1]അനുഗമിച്ചു. അദ്ദേഹവും കുറ്റവാളിയോടൊത്തു് [2]വധവേദി

---

1. അനുഗമിക്കുക = പുറകേ പോവുക
2. വധവേദി = കൊലക്കളം

യിൽ പ്രവേശിച്ചു. തലേദിവസം സായാഹ്നത്തിൽ [1]നൈരാശ്യപൂർണ്ണനും ഭയാകുലനും ആയിരുന്ന ആ തടവുകാരന്റെ മുഖത്തു് പ്രത്യാശയുടെ രശ്മികം അപ്പോൾ പ്രകാശിച്ചു. ബിഷപ്പു് അയാളെ ആലിംഗനം ചെയ്തു. അയാളുടെ ശരീരത്തിൽനിന്നും തല വേർപെടുത്താൻ [2]ആരാച്ചാർ ഒരുങ്ങിയപ്പോഴേയ്ക്കും, ബിഷപ്പിന്റെ ശബ്ദം അന്തരീക്ഷമെങ്ങും മുഴങ്ങുകയായി.

"മനുഷ്യൻ കൊല്ലുന്നവനെ ദൈവം ജീവിപ്പിക്കും. സഹോദരന്മാരാൽ ഉപേക്ഷിക്കപ്പെടുന്നവൻ ഈശ്വരനെ കണ്ടെത്തും. പ്രാർത്ഥിക്കുക; വിശ്വസിക്കുക; ജീവിതത്തിൽ പ്രവേശിക്കുക."

കൊലക്കളംവിട്ടു് താഴെ ഇറങ്ങിവന്ന ബിഷപ്പിനു് ഒരു സമൂല [3]പരിവർത്തനം സംഭവിച്ചതായി [4]പ്രേക്ഷകർക്കു തോന്നി. സ്നേഹാർദ്രമായ ഹൃദയത്തിന്റെ അടിത്തട്ടിൽ ആ വധശിക്ഷയുടെ ഗാഢ

---

1 നൈരാശ്യപൂർണ്ണൻ = നൈരാശ്യംനിറഞ്ഞ മനസ്സോടുകൂടിയവൻ.

2 ആരാച്ചാർ = തൂക്കി കൊലനടത്തുന്ന ആൾ.

3 പരിവർത്തനം = മാറ്റം.

4 പ്രേക്ഷകർ = കാണികൾ

മുദ്രകൾ പതിഞ്ഞു. പലനാൾ അദ്ദേഹം ശോകാകുല നായി, അനാകമ്പാധീനനായി, കഴിഞ്ഞുകൂടി. ആ ദുർദ്ദിന ത്തിലെ ദുസ്സഹാനുഭവത്തിനുശേഷം, ആ കൊലനിലത്തി നടുത്തുകൂടിയുള്ള സഞ്ചാരം അദ്ദേഹം ഒഴിവാക്കി.

രോഗികളുടെയും [1]ആസന്നമരണരുടെയും അടു ത്തേയ്ക്ക് പോകാൻ അദ്ദേഹം എപ്പോഴും ഒരുക്കമായി രുന്നു. തന്റെ സഹായം അഭ്യർത്ഥിക്കാൻ വരുന്നവർക്ക് തടസ്സമുണ്ടാകാതിരിക്കണമെന്നു കരുതി, ആ ക്രിസ്തു ശിഷ്യൻ ഗൃഹത്തിലെ പൂട്ടുകളും വാതിൽക്കൊളുത്തുകളും മാറിക്കളഞ്ഞു. സഹോദരിക്കും [2]പരിചാരികയ്ക്കും ഈ സൗജന്യബുദ്ധി അത്ര ഹിതകരമായി തോന്നിയില്ല. പക്ഷേ അവരും ക്രമേണ അദ്ദേഹത്തിന്റെ അഭിപ്രായ ഗതി അംഗീകരിച്ചു.

"ഒരു വൈദ്യന്റെ വാതിൽ ഒരിക്കലും അടയ്ക്കപ്പെടരുത്. ഒരു പുരോഹിതന്റെ വാതിൽ സദാ തുറന്നതന്നെ കിടക്കണം". അദ്ദേഹം കൂടെക്കൂടെ പറ

---

1. ആസന്നമരണർ = മരണം അടുത്തിരിക്കുന്നവർ.
2. പരിചാരിക = പരിചരിക്കുന്നവൾ.

യാരുണ്ടായിരുന്നു. അപ്രകാരമായിരുന്നു അയ്യ [1]വൈദികന്റെ ജീവിതഗതി.

ചോദ്യങ്ങൾ

1. ഫ്രൊയ്വിപ്പുവത്തിനുശേഷം ചാറ്റ്സ്മിറിയലിനു് ഉണ്ടായ സ്വഭാവ പരിവർത്തനത്തെ വിശദമാക്കുക.

2. തുടർന്നുണ്ടായ ഒരു ദാരുണ സംഭവത്തെ വിവരിക്കുക.

---

1. വൈദികൻ = പുരോഹിതൻ.

2. മൃഗം മനുഷ്യന്റെ മുമ്പിൽ

രാത്രി എട്ട മണി സമയം. മിറിട്ടയൽ അദ്ദേഹത്തിന്റെ വായനമുറിയിൽ ഇരിക്കുകയാണു്. വൃദ്ധയായ പരിചാരിക തീൻ മുറിയിലെ മേശയിൽ ആഹാരസാധനങ്ങളം ഒരുക്കിക്കൊണ്ടിരിക്കുന്നു. പാത്രങ്ങളം ഓരോന്നായി നിരത്തിക്കഴിഞ്ഞു. ബിഷപ്പു് തീൻമുറിയിലേയ്ക്കു പോകാൻ തുടങ്ങുകയാണു്. അപ്പോഴുണ്ടു്, വാതിലിൽ ആരോ തട്ടുന്നു.

"വരൂ". ആരെങ്കിലും വാതിലിൽ തട്ടുമ്പോളം പതിവായി പറയാറുള്ള ആ വാക്കു് അദ്ദേഹം അപ്പോഴും ആവർത്തിച്ചു.

ഉടനെക്കോടെ വാതിൽ തള്ളിത്തുറന്നു്, ഒരു മനുഷ്യൻ കടന്നു വരികയായി. മുന്നകിൽ ഒരു ഭാണ്ഡവും കയ്യിൽ ഒരു വടിയുമായി വന്ന അയാളം വെട്ടമുള്ളിടത്തു് എത്തിയപ്പോളം, പരിചാരിക ഭയംകൊണ്ടു വിറച്ചുനിലവിളിച്ചുപോയി. ബാതിസ്റ്റീനും പേടിച്ചു ചാടിയെഴുന്നേറ്റു. ബിഷപ്പുമാകട്ടെ, ശാന്തനായി [1] ആഗതനെ നോക്കി നിന്നതേയുള്ളു.

പരുഷവും [2] തീക്ഷ്ണവും ഭയങ്കരവുമായ കണ്ണുകളം ജ്വലിപ്പിച്ചു്, യാതൊരു മുഖവുരയുമ ക്രൂടാതെ, ആ

---

1. ആഗതൻ = വന്ന ആളം.
2. തീക്ഷ്ണം = ഉഗ്രം, കടുത്ത

[1]വികൃതാകൃതിയായ അപരിചിതൻ ഉച്ചത്തിൽ പറഞ്ഞുതുടങ്ങി.

" ഞാൻ ജീൻവാൽ ജീനാണു്. തടവിൽനിന്നയയ്ക്കപ്പെട്ട ഒരു കറവാളി. പത്തൊമ്പതു വർഷം ഞാൻ ജെയിലിൽ കഴിച്ചുകൂട്ടി. നാലുദിവസത്തിനു മുമ്പാണു് എന്നെ വിട്ടതു്. ഈ നാലു ദിവസമായി ഞാൻ [2]ടൂലൂണിൽനിന്നു നടക്കുകയാണു്. ഇന്നുതന്നെ മുപ്പത്തിയാറു നാഴിക ഞാൻ നടന്നുകഴിഞ്ഞു. എനിക്കു നന്നേ ക്ഷീണമുണ്ടു്. ഇന്നു വൈകുന്നേരം ഞാൻ ഈ പട്ടണത്തിലെ ഒരു സത്രത്തിൽ ചെന്നിട്ടു്, എന്റെ കയ്യിലുള്ള മഞ്ഞപ്പാസ്പോർട്ടു കണ്ടപ്പോൾ, അവിടത്തെ മാനേജർഎന്നെ പുറംതള്ളി. പല സത്രങ്ങളിലും ഇതുതന്നെ ആയിരുന്നു അനുഭവം ജെയിൽ തന്നെയാണു് എന്റെ ഭവനമെന്നു കരുതി, അവിടെ ചെന്നിട്ടും, എന്നെ അകത്തു കടത്തിവിട്ടില്ല. വയൽക്കരയിൽ കിടക്കാമെന്നു വിചാരിച്ചു് അതിനു ഭാവിച്ചപ്പോൾ മഴപെയ്തേയ്ക്കുമെന്ന ഭയമായി. വീണ്ടും എണ്ണീറ്റു് ലക്ഷ്യമില്ലാതെ അങ്ങനെ നടന്നു. അപ്പോഴാണു്, ഒരു മനുഷ്യപ്പറവുള്ള സ്ത്രീ ഈ വീട്ടു കാണിച്ചു്, ഈ വാതിലിൽ മുട്ടാൻ പറഞ്ഞതു്.

---

1. വികൃതാകൃതി = വികൃതമായ രൂപത്തോടു കൂടിയവൻ
2. ടൂലൂൺ= ഫ്രാൻസിലെ ഒരു നഗരം

അങ്ങനെ ഞാൻ ഇവിടെ മുട്ടി. ഇതൊരു സത്രമാണോ? ഞാൻ പണം തരാം. എന്റെ കൈയ്യിൽ പണമുണ്ട്. നൂറിയൊമ്പതു ഫ്രാങ്കും പതിനഞ്ചു [1]സോയും ഞാൻ മിച്ചം പിടിച്ചിട്ടുണ്ട്, ഇക്കഴിഞ്ഞ പത്തൊമ്പതു വർഷത്തിനകം. എനിക്കു നന്നേ ക്ഷീണവും വിശപ്പുമുണ്ട്. ഞാൻ ഇവിടെ കഴിഞ്ഞോട്ടെ?"

"മഗ്ലർ, നമ്മുടെ മാന്യനായ അതിഥിക്കുകൂടി ഒരു പാത്രം മേശപ്പുറത്തു വയ്ക്കൂ" ബിഷപ്പു് പരിചാരികയോട് നിർദ്ദേശിച്ചു.

രണ്ടുമൂന്നടി മുന്നോട്ടുവച്ചു്, മേശവിളക്കിനടുത്തു വന്നുനിന്നു്, ആഗതൻ വിളിച്ചുപറഞ്ഞു. "നിരുത്തു, എന്നെ മനസ്സിലാക്കിയോ നിങ്ങൾ? ഞാൻ ഒരു കുറ്റം ചെയ്ത പുള്ളിയാണു്—തടവിൽ കിടന്നവനാണു്."

ബിഷപ്പു് ഒരക്ഷരം ഉച്ചരിച്ചില്ല. കീശയിൽനിന്നും വലിച്ചെടുത്ത ഒരു കടലാസു് ബിഷപ്പിനെ കാണിച്ചുകൊണ്ടു്, തടവുപുള്ളി തുടർന്നു.

"ഇതാണു് എന്റെ മഞ്ഞപ്പാസ്പോർട്ടു്. ഇതു കണ്ടാൽ മതി; ആരും എന്നെ അട്ടിപ്പുറത്താക്കും നിങ്ങൾക്കു് വായിക്കാനറിഞ്ഞുകൂടേ? എനിക്കറിയാം. ഞങ്ങൾക്കു ജെയിലിൽ ഒരു പള്ളിക്കൂടമുണ്ടു്. അവിടെ ഞാൻ

---

1. സോ = ഫ്രാൻസിലെ ഒരു നാണയം

പഠിച്ചിട്ടുണ്ട്. ഞാൻ വായിക്കട്ടെ, ഇതിൽ എന്താണെഴുതിയിട്ടുള്ളതെന്നു്? 'ജീൻവാൽജീൻ—ശിക്ഷാകാലംകഴിഞ്ഞുവിടപ്പെട്ട കുറ്റവാളി. പത്തൊമ്പതു വർഷം തടവുകാരനായിരുന്നു. അഞ്ചുവർഷം കവർച്ചക്കുറ്റത്തിനു്; പതിനാലുവർഷം ജെയിലിൽനിന്നും ഒളിച്ചോടാൻ ശ്രമിച്ചതിനു്. ഈ മനുഷ്യനിൽനിന്നും ഒഴിഞ്ഞുമാറുക. ഇയാൾ [1]ആപൽക്കാരിയാണു്'. അതേ, ആപൽക്കാരിയെന്നു്! എന്നിട്ടും നിങ്ങൾ എന്നെ സ്വീകരിക്കുകയാണോ? എന്താ, ഇതു് ഒരു സത്രമാണോ? എനിക്കു് ഇവിടെ കിടന്നുറങ്ങാമോ? ഇവിടെ തൊഴുത്തുണ്ടോ? ഉണ്ടെങ്കിൽ അതുമതി എനിക്കു കിടക്കാൻ."

"മഗ്ലർ, നമ്മുടെ സ്നേഹിതനു് ഒരു കിടക്ക തയാറാക്കൂ. അതിൽ ഒരു നല്ല വിരിപ്പും വിരിക്കൂ." ബിഷപ്പു് ഒരു നിർദ്ദേശംകൂടി പരിചാരികയ്ക്കു നൽകി.

ബിഷപ്പു് ആഗതനോടു സംസാരിച്ചു തുടങ്ങിയതു് അതിൽപ്പിന്നീടാണു്.

"താങ്കൾ ആ തീയുടെ അടുത്തിരുന്നു് തണുപ്പു മാറൂ. അതു കഴിഞ്ഞാൽ നമുക്കൊന്നിച്ചു് ആഹാരം കഴിക്കാം. അപ്പോഴേയ്ക്കും കിടക്ക വിരിച്ചിരിക്കും. താങ്കൾ അതിഥിയാകുന്നതു് എനിക്കു് ഒരനുഗ്രഹമാണു്."

---

1. ആപൽക്കാരി = ആപത്തു് ഉണ്ടാക്കുന്നവൻ.

ദയാശീതളമായ ഈ വാക്കുകൾ തടവുപുള്ളിയെ എന്തെന്നില്ലാതെ അമ്പരപ്പിച്ചു. അയാൾക്കു സംശയമായി, ആശ്ചര്യമായി, ആഹ്ലാദമായി. അടക്കാനാവാത്ത വികാരഭാരത്തോടെ അയാൾ ഉഴറിപ്പറഞ്ഞു.

"എന്തു്? എനിക്കു് ആഹാരവും കിടക്കയും കിട്ടുമെന്നു പറയുന്നതു നേരാണോ? ഞാൻ ഒന്നുകൂടി പറഞ്ഞേയ്ക്കാം. ഞാൻ ഒരു കുറപ്പുള്ളിയാണു്. എല്ലാവരും എന്നെ 'എടാ, പട്ടീ' എന്നാണു വിളിക്കുന്നതു്. നിങ്ങൾ എന്താ എന്നെ ആട്ടിയോടിക്കാത്തതു്? ആ സ്ത്രീ എത്ര നല്ലവൾ! എന്നെ ഇങ്ങോട്ടയയ്ക്കാൻ അവൾക്കു തോന്നിയില്ലേ! കഴിക്കാൻ അത്താഴവും കിടക്കാൻ കിടക്കയും! ഞാൻ സ്വപ്നം കാണുകയാണോ? പത്തൊമ്പതു വർഷമായി,ഞാൻ കിടക്കയിൽ കിടന്നു് ഒന്നുറങ്ങിയിട്ടു്!. ഇല്ല; ഇല്ല.; എനിക്കു് എന്നെ വഞ്ചിക്കാൻ വയ്യ. ഞാൻ ഇവിടെ ഇന്നു കഴിയുന്നതു് വാസ്തവത്തിൽ നിങ്ങൾക്കു് ഇഷ്ടമാണോ?. അങ്ങനെയാണെങ്കിൽ, നിങ്ങൾ എത്ര നല്ലവനായിരിക്കണം! പിന്നെ, ഞാൻ പണം തരാം; വേണ്ടുവോളം തരാം. അപ്പോഴേ, നിങ്ങളുടെ പേരെന്താ? നിങ്ങൾ സത്രം നടത്തുന്ന ആളല്ലേ?"

"ഞാൻ ഒരു പുരോഹിതനാണു്." ബിഷപ്പു് സ്വയം പരിചയപ്പെടുത്തി.

"ഹാ, പുരോഹിതൻ! എത്ര മഹാനായ ആൾ! അപ്പോൾ, അങ്ങേയ്ക്കു പണം വേണ്ട. ഓ, അങ്ങനെ

വരട്ടെ. അങ്ങ് വലിയ ഒരു പള്ളിയിലെ വികാരി യാണു്. ഞാൻ എന്തൊരു പിഡ്ഢിയാണു്!. ആ വികാ രി ത്തൊപ്പികണ്ടിട്ടും അറിഞ്ഞില്ലല്ലോ."

ഇതിനകം ഭാണ്ഡവും വടിയും മുറിയുടെ ഒരു മൂല യിൽ അയാൾ വച്ചു കഴിഞ്ഞു.

"മാന്യനായ അങ്ങ് എത്ര ദയവുള്ളവൻ! ഒരു പുരോഹിതൻ എപ്പോഴും നല്ലവനാണു്. അപ്പോൾ, ഞാൻ പണം തരണ്ടേ?"

"വേണ്ട; പണം സൂക്ഷിച്ചോളൂ. നൂറിരൻപത്തു ഫ്രാങ്കെന്നല്ലേ പറഞ്ഞതു്?"

"നൂറിയൊമ്പത്തു ഫ്രാങ്കും പതിനഞ്ചു സോയും".

"എത്ര വർഷത്തെ മിച്ചമാണിതു്?" ബിഷപ്പു ചോദിച്ചു.

"പത്തൊമ്പത്തു വർഷത്തെ".

"പത്തൊമ്പത്തു വർഷത്തെ!". ബിഷപ്പു് ദീർഘ മായി ഒന്നു നിശ്വസിച്ചു.

അദ്ദേഹം എഴുനേറ്റു വാതിലടച്ചു. മസ്റ്റർ ഒരു പാത്രംക്രൂടികൊണ്ടുവന്നു് മേശപ്പുറത്തു വച്ചു.

"തീയുടെ അടുത്തേയ്ക്ക് ആ പാത്രം മാറ്റിവയ്ക്കൂ" ബിഷപ്പ് പരിചാരികയോട് പറഞ്ഞു. പിന്നീട് അതിഥിയുടെ നേരെ തിരിഞ്ഞു.

തണുപ്പു തോന്നുന്നുണ്ടായിരിക്കും. ശീതക്കാറ്റാണ് അടിക്കുന്നത്"

"ഈ വിളക്കിനു നല്ല വെട്ടമില്ല". എന്നു് ആ പുരോഹിതൻ പറഞ്ഞപ്പോഴേയ്ക്കും, വെള്ളിയിലുണ്ടാക്കിയ രണ്ടു വിളക്കുകാലും മല്ലർ മേശമേൽ വച്ചു കഴിഞ്ഞു.

"അങ്ങ് എത്ര നല്ലവനാണ്! അങ്ങ് എന്നെ ആട്ടി ഓടിച്ചില്ല. എനിക്കായി വെള്ളിവിളക്കു കത്തിക്കാനും ഒരുങ്ങുന്നു. തടവുകാരൻ എന്നറിഞ്ഞിട്ടും അങ്ങ് എന്നെ വെറുക്കുന്നില്ല!" ജീൻവാൽജീൻ തന്റെ ഹൃദയം തുറന്നു കാണിച്ചു.

അപരിചിതനായ അതിഥിയുടെ കൈയ്യിൽ പിടിച്ച്, അതിനെ മൃദുവായി താലോടിക്കൊണ്ട്, കനിവൂറുന്ന സ്വരത്തിൽ, ബിഷപ്പ് ഉത്തരം നൽകി.

"നിങ്ങളും ആരാണെന്നു് എനിക്കറിയണ്ട. ഈ വീട്ട് എന്റേതല്ല; ക്രിസ്തുവിന്റേതാണ്. അതിനാൽ സന്ദർശകന്റെ പേരു് ഈ ഭവനം അന്വേഷിക്കാറില്ല.

നിങ്ങൾക്കു് വിശപ്പും ദാഹവുമുണ്ടു്. അതുകൊണ്ടു് നിങ്ങൾ മറ്റാരെക്കാളും [1] സ്വാഗതാർഹനാണു്. [2] രക്ഷാസ്ഥാനമില്ലാത്തവരെ സ്വീകരിക്കുന്ന വീടാണിതു്. ഈ വീട്ടിൽ കാണുന്നവയൊക്കെ നിങ്ങളുടേതാണു്. നിങ്ങൾ ആരെന്നു പറയുകയേ വേണ്ട. എനിക്കറിയാം."

"എന്തു്? എന്നെ അറിയാമെന്നോ!" അദ്ഭുതം നിറഞ്ഞ കണ്ണു വിടർത്തി, ജീൻവാൽജീൻ ചോദിച്ചുപോയി.

"അതേ, അറിയാം. നിങ്ങൾ എന്റെ പ്രിയസഹോദരനാണു്". വിസ്മയഭരിതനായ തടവുപുള്ളിയുടെ മുഖത്തു് വാത്സല്യപൂർവ്വം നോക്കിക്കൊണ്ടു്, ബിഷപ്പു് [3] പ്രതിവചിച്ചു. "ഒട്ടധികം ദുരിതം നിങ്ങൾ കണ്ടിട്ടുണ്ടു്; ഇല്ലേ?".

"ഹാ! എത്രമാത്രം! ചുവന്ന ഉടുപ്പും ഇരുമ്പുവിലങ്ങും! ഉറങ്ങാൻ മരപ്പലക! കടുത്ത ചൂടും തണുപ്പും! ചാട്ടയടിയും ഇരുട്ടറയും! എന്തെല്ലാമെന്തെല്ലാം! പട്ടികൾക്കു് അതിലും സുഖമുണ്ടു്. ഇരുപത്തിയേഴു വയസ്സിൽ

---

1. സ്വാഗതാർഹൻ=സ്വീകരിക്കപ്പെടാൻ യോഗ്യൻ.
2. രക്ഷാസ്ഥാനം=അഭയസ്ഥാനം
3. പ്രതിവചിക്കുക=മറുപടി പറയുക.

ഞാൻ കയറിയതാണു്. ഇന്നു് എനിക്കു നാല്പത്തിയാറായി വയസ്സു്. പത്തൊമ്പതു വർഷം!"

"ഇപ്പോൾ നിങ്ങൾ ആ ദുരിതങ്ങൾ വിട്ടിരിക്കുകയാണല്ലോ".

ഇതിനകം മല്ലർ അത്താഴം വിളമ്പിക്കഴിഞ്ഞു. അതിഥിയെ വലത്തുവശത്തും സഹോദരിയെ ഇടത്തുവശത്തും ഇരുത്തി, ബിഷപ്പു് അത്താഴം കഴിക്കാൻ തുടങ്ങി. കഴുകന്റെ ആത്തിയോടെ, ഒരക്ഷരം ഉരിയാടാതെ, ജീൻവാൽ ജീൻ പാത്രത്തിൽ കണ്ടതെല്ലാം വാരി വിഴുങ്ങി. അത്താഴം കഴിഞ്ഞു് ബിഷപ്പു് ജീൻവാൽജീനോടു പറഞ്ഞു.

"നിങ്ങൾക്കിപ്പോൾ വല്ലാത്തൊരുക്കം വന്നിരിക്കും. ഞാൻ കിടപ്പുമുറി കാണിച്ചു തരാം."

അദ്ദേഹം അതിഥിയെ അങ്ങോട്ടേയ്ക്കു നയിച്ചു. ബിഷപ്പിന്റെ കിടക്കറ കടന്നുവേണം ആ മുറിയിൽ പോകാൻ. അപ്പോൾ മല്ലർ വെള്ളി സാധനങ്ങൾ ഒരു പത്തായത്തിനകത്തു വയ്ക്കുകയായിരുന്നു.

ജീൻവാൽജീനെ കിടപ്പുമുറിയിൽ കൊണ്ടുചെന്നാക്കി, വെള്ളിവിളക്കുകളിൽ ഒന്നു് അവിടെവച്ചിട്ടു്, ബിഷപ്പു തിരിച്ചുപോന്നു. പോകുന്നതിനുമുമ്പു്, ഇത്രയും കൂടി അറിയിച്ചു.

"നാളെ രാവിലെ ഒരു പാത്രം പാൽ കൂടിച്ചിട്ട് നിങ്ങൾ പോയാൽ മതി"

പാതിരാത്രിയായി. എല്ലാപേരും ഉറങ്ങിക്കഴിഞ്ഞു. എങ്ങും നിശ്ശബ്ദത വ്യാപിച്ചു.

ശോഭ്യം

1. ബിഷപ്പിന്റെ അതിഥിസൽക്കാരകൗതുകത്തെപ്പറ്റി പ്രതിപാദിക്കുക.

3. തൊണ്ടി മുതൽ സമ്മാനം

പള്ളിമണി രണ്ടടിച്ചു. ജീൻ ഉണർന്നു. പതുപ്പും മാർദ്ദവവും ഉള്ള കിടക്കയിൽ മുമ്പൊരിക്കലും കിടന്നിട്ടില്ലാത്ത അയാൾക്ക് അന്നുണ്ടായ പുതിയ അനുഭവമാണ് ഉറക്കത്തിനു ഭംഗം വരുത്തിയത്. കണ്ണുതുറന്നു ചുറ്റും നോക്കിയിട്ട്, അയാൾ വീണ്ടും കണ്ണടച്ചു. പക്ഷേ ഉറങ്ങാൻ കഴിഞ്ഞില്ല. അയാൾ ചിന്തിക്കാൻ തുടങ്ങി. ആ ചിന്ത ചെന്നു പറ്റിയതു്, അന്നു് അയാൾ കണ്ട വെള്ളിപ്പാത്രങ്ങളിൽ ആയിരുന്നു. ക്രമേണ ആ വിചാരം ഒരു ബാധോപദ്രവംപോലെ ആയി. ആ പാത്രങ്ങൾ, അയാൾക്ക് എടുക്കാൻ സൗകര്യമായിട്ട്, അടുത്തമുറിയിലുണ്ട്. അവ സൂക്ഷിച്ചിട്ടുള്ള പത്തായവും അയാൾ നോക്കി വച്ചിട്ടുണ്ട്. നല്ല വിലകിട്ടും ആ സാധനങ്ങൾക്ക്. ഇരുനൂറു ഫ്രാങ്കെങ്കിലും തീർച്ചയായും ലഭിക്കും. പത്തൊമ്പതു വർഷത്തെ സമ്പാദ്യത്തിന്റെ രണ്ടിരട്ടി വരുന്ന തുക!.

കൊള്ളക്കാരും കള്ളന്മാരുമായി ആരും ജനിക്കാറില്ല. മനുഷ്യർ അങ്ങനെക്കാരായിപ്പോവുകയാണു്. ജീൻ ഒരു ദരിദ്രകർഷക കുടുംബത്തിലാണു് ജനിച്ചതു്. അയാൾ വിചാരശീലനും സ്നേഹപ്രകൃതിയും ആയിരുന്നു. ചെറുതിലേ അച്ഛനമ്മമാർ മരിച്ചതിനുശേഷം, ഒരു

സ്നേഹപ്രകൃതി = സ്നേഹശീലൻ

ബന്ധുമാത്രമേ അയാൾക്കു് ഉണ്ടായിരുന്നുള്ളൂ. [1] വിധവയായ ആ സഹോദരിയെയും അവരുടെ എട്ടു കുട്ടികളെയും സംരക്ഷിക്കേണ്ട ചുമതല വന്നുകൂടിയതു് അയാൾക്കു് ആയിരുന്നു. ഭർത്താവു് ഉണ്ടായിരുന്നിടത്തോളംകാലം, ആ സഹോദരിയാണു് ജീനെ വളർത്തിയതും സംരക്ഷിച്ചതും. ആ കടപ്പാടു് അയാൾക്കു വിസ്മരിക്കാൻ കഴിഞ്ഞിരുന്നില്ല. അതിനാൽ കഠിനാദ്ധ്വാനംചെയ്തു കിട്ടുന്ന അല്പമായ പ്രതിഫലം കൊണ്ടു്, ജീൻ കുടുംബംപോറ്റിവന്നു. അങ്ങനെയിരിക്കെ, ഒരാണ്ടിലെ കഠിനമായ ശീതകാലത്തു്, അയാൾക്കു് പണി ഒന്നും കിട്ടാതായി. ആഹാരത്തിനു വകയില്ലാതെ, കുഞ്ഞുങ്ങൾ വിശന്നു തളർന്നു കാഴ്ച, അയാൾക്കു് സഹിക്കാൻ കഴിഞ്ഞില്ല. അടുത്തുള്ള റൊട്ടിക്കടങ്ങിൽ കടന്നുചെന്നു്, എന്തെങ്കിലും ഭക്ഷണസാധനം [2] കരസ്ഥമാക്കാൻ, ജീൻ ഒരുമ്പെട്ടു. പക്ഷേ, റൊട്ടിക്കടക്കാരൻ ജീനെ പിടികൂടി മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാക്കി. പല തടവുപുള്ളികളെയും കയറ്റിയിട്ടുള്ള ഒരു കപ്പലിൽ അഞ്ചുവർഷത്തെ ഹീനമായ കൂലിപ്പണി ചെയ്യണം എന്നായിരുന്നു കോടതി വിധിച്ചതു്. കഴുത്തിലും കൈകളിലും ചുറ്റിപ്പിണഞ്ഞ മേറിയ ചങ്ങല—പട്ടിണി കിടക്കുന്ന എട്ടു കൊച്ചു

---

1. വിധവ = മരിച്ച ഭർത്താവോടുകൂടിയവൾ.
2. കരസ്ഥമാക്കുക = കൈയ്യിലാക്കുക.

കുട്ടികളുടെ വിശപ്പുമാറുവാൻ ശ്രമിച്ചതിനു പ്രതിഫലം !. അയാൾ അന്നുതൊട്ട് ജീൻവാൽജീൻ അല്ല. 24601-ാം നമ്പർ മാത്രമാണു്.

ആ സഹോദരിയുടെ അവസ്ഥ എന്തായി ? കുഞ്ഞുങ്ങൾക്കു് എന്തു സംഭവിച്ചു. ? ആരുണ്ടു് അതിനെപ്പറ്റി അന്വേഷിച്ചു മിനക്കെടാൻ !. ആ പാവങ്ങൾ ആരും ഒരു തുണയില്ലാതെ, പ്രിയും ഒരു അഭയമില്ലാതെ, തെരുവുകളിൽ അലഞ്ഞു തിരിഞ്ഞിരിക്കും !.

തടവുകാരനായി നാലുവർഷം കഴിഞ്ഞപ്പോൾ ജീൻ സ്വതന്ത്രനാകാൻ ഒരു ശ്രമം നടത്തി. ജയിലിൽ നിന്നും ഒളിച്ചോടിയ അയാളെ അധികാരികൾ വീണ്ടും പിടികൂടി. അങ്ങനെ, സ്വാതന്ത്ര്യം ദാഹിച്ചവനു് ഒരു മൂന്നു വർഷംകൂടി തടവിൽ കഴിയേണ്ടിവന്നു. സഹോദരിയോടും അനന്തരവരോടുമുള്ള വാത്സല്യം നിറഞ്ഞുനിന്ന ആ അസ്വസ്ഥഹൃദയം വീണ്ടും മൂന്നു തവണ തടവുചാടാൻ ഒരുങ്ങി. ഈ ശ്രമങ്ങൾ അയാളുടെ ശിക്ഷാകാലത്തെ പത്തൊൻപതുവർഷമാക്കിപ്പെരുക്കി. ഇതിനുപുറമേ, പട്ടിണി കിടക്കുന്ന എട്ടു കുട്ടികൾക്കു് ഒരു കഷണം റൊട്ടി കിട്ടാൻ ശ്രമിച്ചു എന്ന കുറ്റത്തിനു് !

1815-ാമാണ്ടു് ശിക്ഷയുടെ കാലാവധി കഴിഞ്ഞു് ആ തടവുപുള്ളി വിശാലമായ ലോകത്തിൽ ഇറങ്ങി.

അയാളുടെ ആത്മാവു് മുരടിച്ചുപോയിരുന്നു. ഒരു കാലത്തു് ദയാശീലനായിരുന്ന ആ മനുഷ്യൻ ഇന്നു് ഒരു [1] പരുഷ മനസ്കനാണു്. പലപ്പോഴും അസ്ഥിര മാണു് അയാളുടെ മനസ്സു്. നന്മയും തിന്മയും തമ്മിൽ മല്ലടിക്കുന്ന ഒരു രണ്ഭമാണു് അയാളുടെ [2] അന്തരംഗം.

ഭൂതകാലജീവിതത്തിലെ അനുഭവപരമ്പരകളെല്ലാം ജീനിന്റെ ഉള്ളിൽ ക്രൂടി കടന്നുപോയി. മണി മൂന്നടിച്ചു. അയാൾ കണ്ണുതുറന്നു, പെട്ടെന്നു് എഴുന്നേറ്റു, സഞ്ചി തപ്പിയെടുത്തു, അതിൽ നിന്നും ഏതോ ഒരു സാധനം എടുത്തുകൊണ്ടു്, അല്പ സമയം നിശ്ചലനായി ഇരുന്നു. വീണ്ടും ജീനിന്റെ മനസ്സു് വിചാരങ്ങളുടെ കയങ്ങളിൽ ആണ്ടു. മണിനാലടിച്ചപ്പോൾ, അയാൾ എന്തോ ഒന്നുറച്ചു, കിടക്കയിൽ നിന്നും എഴുന്നേറ്റു. എന്നിട്ടു്, ഒരു നിമിഷം അറച്ചുങ്ങനെ നിന്നു. എങ്ങും നിശ്ശബ്ദ മാണു്, നിശ്ചലമാണു്. ഇഴഞ്ഞുകൊണ്ടിരുന്ന മേഘങ്ങളുടെ ഇടയിൽ പൂർണ്ണചന്ദ്രൻ പ്രകാശിക്കുന്നുണ്ടു്. ജീൻ ജന്നലിന്നരികിൽ ചെന്നു, ഉദ്യാനത്തിലേയ്ക്കു് നോക്കി. എളുപ്പം ചാടിക്കയറാവുന്ന പൊക്കം കുറഞ്ഞ മതിലേ

---

1. പരുഷ മനസ്കൻ = പരുപരുത്ത മനസ്സുള്ളവൻ.
2. അന്തരങ്ഗം = മനസ്സു്.

ഉള്ള ആ തോട്ടത്തിനു്. ഒരുകള്ളനെപ്പോലെ ചുറ്റു പാടുകളും ശരിക്കു മനസ്സിലാക്കിയതിനുശേഷം, സഞ്ചിയും തൊപ്പിയുമെടുത്തു്, ബിഷപ്പു കിടന്നുറങ്ങുന്ന മുറിയുടെ വാതിൽക്കലേയ്ക്കു്, അയാളം നീങ്ങി. ഒരിക്കലും പൂട്ടാത്ത ആ വാതിൽ തുറക്കുമ്പോഴോ വല്ലവിഷമവും ? എങ്ങും തട്ടാതെ, മുട്ടാതെ, കാൽപ്പെരുമാറ്റം പോലും കേൾപ്പിക്കാതെ, അയാളം ആ മുറിയിൽ കടന്നു. ബിഷപ്പു് ശാന്തമായ ഉറക്കത്തിൽ മുങ്ങിക്കിടക്കുകയാണു്. ചന്ദ്രരശ്മികളം ആ മുഖത്തെ പ്രകാശമാനമാക്കുന്നു. ഹാ ! എന്തൊരുമുഖമാണതു് ! ശാന്തിയും പ്രത്യാശയും ആനന്ദവും നിറഞ്ഞ ആ വൈദികവദനം അയാളം നോക്കി നിന്നുപോയി. രണ്ടു ചിന്തകളംക്കിടയിൽപ്പെട്ടു്, ജീനിന്റെ മനസ്സു് ആടുകയായിരുന്നു. അയാളം പെട്ടെന്നു് മുന്നോട്ടടിവച്ചു്, പത്തായത്തിനടുത്തേയ്ക്കു് നേരേ നടന്നു ചെന്നു. അതിന്റെ താക്കോൽ ദ്വാരത്തിൽ തന്നെ ഉണ്ടു്. അയാളംമെല്ലെ പത്തായം തുറന്നു്, വെള്ളിപ്പാത്രങ്ങളം വച്ചിരുന്ന പെട്ടി കൈയ്യിലാക്കി, സഞ്ചിയിൽ നിക്ഷേപിച്ചു. [1]അതിശീഘ്രം പുറത്തിറങ്ങി, മതിൽചാടി, അതിഥി അപ്രത്യക്ഷനായി.

1, അതിശീഘ്രം – വളരെ വേഗത്തിൽ

പിറേറ ദിവസം രാവിലെ, ബിഷപ്പ് തോട്ടത്തിൽ നടക്കുമ്പോഴുണ്ട്, കട്ടത്ത സംഭ്രമത്തോടെ മഗ്ലർ ഓടി വന്നു പറയുന്നു. "വെള്ളിപ്പാത്രം വച്ചിരുന്ന പെട്ടികാ ണുന്നില്ല. ഇന്നലെരാത്രിയിൽ ഇവിടെ വന്നവനായി രിക്കും തീർച്ചയായും മോഷ്ടിച്ചത്."

ക്ഷണനേരം നിലത്തു നോക്കി നിശ്ചലനായി നിന്നതിനുശേഷം, കണ്ണുകൾ ഉയർത്തി, അദ്ദേഹം പറഞ്ഞു. "മഗ്ലർ, ഞാൻ ഇത്രയും നാൾ ഈ വെള്ളി ഇവിടെ സൂക്ഷിച്ചിരുന്നതാണു തെറ്റ്. അത്തു ന്യായമായി പാവങ്ങൾക്കുള്ളതാണു. ഇപ്പോൾ ഉടമസ്ഥൻ അവ കാശപ്പെട്ടു എടുത്തുകൊണ്ടുപോയെന്നേ ഉള്ളൂ."

"വെള്ളിപ്പാത്രം ഇല്ലാതെ അങ്ങു് ആഹാരം കഴി ക്കുന്നതെങ്ങനെ ?".

"അതിനോ വിഷമം! എനിക്കു് മരപ്പാത്രം മതിയ ല്ലോ".

അല്പം കഴിഞ്ഞു, ബിഷപ്പു് പ്രാതൽ കഴിക്കാനി രുന്നു. അപ്പോൾ വാതിലിൽ ആരോ മുട്ടി. മൂന്നുപേർ ഒരാളിനെ പിടിച്ചുകൊണ്ടു് മുറിയിൽ വന്നുനിന്നു. അവ രിൽ ഒരാൾ ജീനും ശേഷിച്ചവർ പോലീസുകാരും ആയി രുന്നു. ബിഷപ്പിന്റെ ശ്രദ്ധ മുഴുവനും ജീനിലേയ്ക്കു തിരിഞ്ഞു.

"വന്നതു വളരെ നന്നായി. നിങ്ങൾക്കു് അവകാശപ്പെട്ട ആ വെള്ളിവിളക്കുകൾ എന്താ കൊണ്ടുപോകാഞ്ഞതു്?. അവ കൊടുത്താൽ ഒരു ഇരുന്നൂറു ഫ്രാങ്കു് കൂടി കിട്ടുമല്ലോ." ബിഷപ്പു് ശാന്തമായി പറഞ്ഞു.

പോലീസുകാർ വല്ലാത്ത കുഴപ്പത്തിലായി. അറസ്റ്റു് ചെയ്തതേ തെറ്റായിപ്പോയെന്നു് അവർ വിചാരിച്ചു. "ഞങ്ങൾ തെറ്റിദ്ധരിച്ചു് ഈ മനുഷ്യനെ അറസ്റ്റു് ചെയ്തതാണു്. ഈ വെള്ളിപ്പാത്രങ്ങളുടെ ഉടമസ്ഥൻ ഇയാൾ ആയിരിക്കുകയില്ലെന്നു് കാഴ്ചയിൽ ഞങ്ങൾക്കു തോന്നി. ഇപ്പോൾ അങ്ങു് ഇത്രയും പറഞ്ഞപ്പോൾ ഞങ്ങളുടെ തെറ്റു് മനസ്സിലായി". അവരിൽ ഒരാൾ [1]ക്ഷമാപണസ്വരത്തിൽ പറഞ്ഞു. ജീനെ മോചിപ്പിച്ചിട്ടു്, പോലീസ്സുകാർ യാത്രയായി.

അവമാനഭാരത്താൽ തലതാഴ്ത്തി നിന്നിരുന്ന ജീനെ സമീപിച്ചു്, രണ്ടു വെള്ളി വിളക്കുകളും കയ്യിൽ കൊടുത്തു്, ബിഷപ്പു് ഇങ്ങനെ പറഞ്ഞു.

"സ്നേഹിതാ, ഇതാ നിങ്ങളുടെ ദീപങ്ങൾ. സ്വീകരിച്ചാലും." ശരീരത്തിലെ ഓരോ ഞരമ്പും വിറ

---

1. ക്ഷമാപണസ്വരം = മാപ്പുചോദിക്കുന്ന വിധത്തിലുള്ള സ്വരം.

യുന്നു എന്ന് ആ തടവുപുള്ളിയുടെ തോന്നി. [1] ഉൽക്കടമായ മനഃക്ഷോഭത്തോടെ അയാൾ ബിഷപ്പിന്റെ സംഭാവന സ്വീകരിച്ചു.

"ഇനി ശാന്തമായി പോവുക. അടുത്ത തവണ നിങ്ങൾ ഇവിടെവരുന്നതും പോകുന്നതും മുൻവശത്തെ വാതിലിൽ കൂടിത്തന്നെ ആകാം. അതു തുറക്കാൻവളരെ എളുപ്പമാണു്". ഈ വൈദികവാക്യങ്ങൾക്കു് എന്തു പറയണം എന്നു് അറിയാൻ പാടില്ലാതെ കുഴങ്ങിനിന്ന ജീനെ സമീപിച്ചു് ബിഷപ്പു തുടർന്നു. "സുഹൃത്തേ, ഒരു സത്യസന്ധൻ ആകുന്നതിനു് ഈ വെള്ളിവിളക്കുകൾ നിങ്ങൾക്കു പ്രയോജനപ്പെടട്ടെ. സഹോദരാ, നിങ്ങൾ മേലാൽ തിന്മയ്ക്കല്ല, നന്മയ്ക്കു് അവകാശപ്പെട്ടവനാണു്. ഞാൻ നിങ്ങളുടെ ആത്മാവിനെ വാങ്ങിച്ചുകഴിഞ്ഞു. [2] അന്ധവിചാരങ്ങളിൽ നിന്നും ഞാൻ അതിനെ [3] വിമുക്തമാക്കി ഈശ്വരനു നൽകുന്നു".

---

1. ഉൽക്കടമായ = വർദ്ധിച്ച.
2. അന്ധവിചാരം = മൂഢചിന്ത.
3. വിമുക്തമായ = മോചിപ്പിക്കപ്പെട്ട.

ബിഷപ്പ് തന്നിൽ അർപ്പിച്ച വിശ്വാസം ജീനിന്റെ ഹൃദയത്തെ ഗാഢമായി സ്പർശിച്ചു. നന്മയിൽ വിശ്വസിച്ചും സ്നേഹത്തെ ജീവിത നിയമമാക്കിയും കഴിഞ്ഞുകൂടാൻ ഭാവിയിൽ ആ തടവുപുള്ളിയെ പ്രേരിപ്പിച്ച ശക്തിവിശേഷം ആയിരുന്നു അത്.

ചോദ്യം

- ജീൻവാൽജീനു് മാനസാന്തരം ഉണ്ടായതെങ്ങനെ?

4. നഗരപിതാവു്.

'മാൺടിവീൽ' നഗരത്തിലെങ്ങും ഒരു വത്തമാനമേ കേൾക്കാനുള്ളു. അവിടെ [1] അജ്ഞാതനായ ഒരാൾ വിലപിടിച്ച ഒരു രാസവസ്തുവിനു പകരം വജ്റപ്പശ ഉപയോഗിക്കാമെന്നു് കണ്ടുപിടിച്ചു. ഈ കണ്ടുപിടിത്തം വളരെ തുടങ്ങിയ പല സാധനങ്ങളുടെയും നിർമ്മാണത്തിൽ അദ്ഭുതകരമായ പരിവർത്തനം സൃഷ്ടിച്ചു. അസംസ്കൃതസാമഗ്രികളുടെയും ഉല്പന്നസാധനങ്ങളുടെയും വില കുറയ്ക്കാൻ ഈ അറിവു് പ്രയോജനപ്പെട്ടു. ഈ സംഭവമായിരുന്നു ജനങ്ങളുടെ സംഭാഷണവിഷയം.

ഈ സമ്പ്രദായത്തിന്റെ [2] ഉപജ്ഞാതാവു് മൂന്നു വർഷത്തിനകം ഒന്നാംകിടയിലുള്ളധനികനായി. അയാൾ ആ നാട്ടിനു് അപരിചിതനാണു്. അയാളുടെ പൂർവ്വകഥ ആർക്കുമേതുമറിഞ്ഞു കൂടാ. അമ്പതു വയസ്സുള്ള ആ മാന്യനെ 'മാഡ്ലീൻ' എന്നാണു് ആളുകൾ വിളിക്കുക. അയാൾ ആ പട്ടണത്തിൽവന്നു് അഞ്ചു വർഷം കഴിഞ്ഞപ്പോൾ, ജനങ്ങൾക്കു് ഏറ്റവും ഇഷ്ടമുള്ള നേതാവായി. അദ്ദേഹം നഗരപിതാവാകണം എന്നു് അവർ

---

1. അജ്ഞാതനായ = അറിയപ്പെടാത്തവനായ.

2. ഉപജ്ഞാതാവു് = നിർമ്മാതാവു് (കണ്ടുപിടിച്ചയാൾ)

[1] ഏകകണ്ഠമായി അഭിപ്രായപ്പെട്ടു. പൗരന്മാരെ അസന്തുഷ്ടരാക്കണമെന്നു് ആഗ്രഹം ഇല്ലാതിരുന്നതിനാൽ അവർ നൽകിയ ബഹുമതിയെ മാഡ്‌ലീൻ സ്വീകരിച്ചു. പക്ഷേ ഒരു [2] ഉന്നതസ്ഥാനം ലഭിച്ചതിനു ശേഷവും അദ്ദേഹം മുമ്പിലത്തെപ്പോലെ ഏറ്റവും ലളിതമായ ജീവിതം ആണു് നയിച്ചിരുന്നതു്. ഔദ്യോഗികകൃത്യങ്ങൾ കഴിഞ്ഞാൽപ്പിന്നെ, വായനയും പഠനവുമായി, ശേഷിച്ച സമയമെല്ലാം കഴിച്ചുകൂട്ടുകയായിരുന്നു പതിവു്. ഈ [3] അനാർഭാടമായ ജീവിതരീതി, ജനങ്ങൾക്കു് അദ്ദേഹത്തോടുണ്ടായിരുന്ന സ്നേഹബഹുമാനങ്ങളെ ഇരട്ടിച്ചു.

1821-മാണ്ടിന്റെ പ്രാരംഭത്തിൽ '[4] ദീനി'ലെ ബിഷപ്പായ മിറിയലിന്റെ മരണം പത്രങ്ങളിൽ പ്രസിദ്ധീകൃതമായി. ആ വാർത്ത വായിച്ച മാഡ്‌ലീൻ പെട്ടെന്നു് വിലാപോചിത വേഷങ്ങൾ അണിഞ്ഞു. അതു് ആളുകളുടെ ശ്രദ്ധയിൽ പെടുകയും അവർ അതിനെപ്പറ്റി സംസാരിക്കുകയും ചെയ്തു. ദീനിലെ ബിഷപ്പിന്റെ ഒരു അടുത്ത ബന്ധുവായിരിക്കാം നഗരപിതാവെന്നു് അവർ

---

1 ഏകകണ്ഠമായി=ഒരുമിച്ചു്; ഒരേസ്വരത്തിൽ

2 ഉന്നതസ്ഥാനം=ഉയർന്നസ്ഥാനം

3 അനാർഭാടമായ=ആർഭാടമില്ലാത്ത

4 ദീൻ=ഫ്രാൻസിലെ ഒരു സ്ഥലം

ഊഹിച്ചു. ആ നിഗമനം മാഡ്‌ലീനെക്കുറിച്ചുള്ള മതിപ്പു വർദ്ധിപ്പിച്ചതേയുള്ളൂ.

ആ നഗരത്തിൽ ഒരാൾമാത്രം മാഡ്‌ലീന്റെ മഹത്വത്തെ വകവച്ചിരുന്നില്ല. ജനങ്ങളുടെ അഭിവാദനങ്ങൾ സ്വീകരിച്ചുകൊണ്ട്, മാഡ്‌ലീൻ തെരുവുകളിൽക്കൂടി പോകുമ്പോൾ, അയാൾ മാത്രം വെട്ടിത്തിരിഞ്ഞുനിന്ന്, മേയർ അപ്രത്യക്ഷനാകുന്നതുവരെ നോക്കിക്കൊണ്ടിരിക്കുക പതിവായിരുന്നു. ഒരു പരന്ന തൊപ്പിയും തവിട്ടു നിറത്തിലുള്ള കോട്ടും വണ്ണിച്ച വടിയും ധരിച്ച്, കാണികൾക്കു ഭയവും വെറുപ്പും ഉളവാക്കുന്ന രൂപഭാവങ്ങളോടെ, പെരുമാറിയിരുന്ന ആ മനുഷ്യൻ പോലീസുവകുപ്പിലെ ചീഫ് ഇൻസ്പെക്ടർ ആയ ജാവെർട്ട്[1] ആയിരുന്നു. [2] ഉന്നതാകാരനും [3] ദൃഢശരീരനുമായ അയാളുടെ മുമ്പിൽ ആക്കും അത്ര സുഖവും സന്തോഷവും തോന്നിയിരുന്നില്ല.

ഒരു ദിവസം മാഡ്‌ലീൻ നഗരപ്രാന്തങ്ങളിൽക്കൂടി സഞ്ചരിക്കുമ്പോൾ, അടുത്തു് എവിടെയോ ഒരു ദീനരോ

---

1. നിഗമനം = ഊഹം.
2. ഉന്നതാകാരൻ = പൊക്കം കൂടിയ ആൾ.
3. ദൃഢശരീരൻ = ഉറച്ച ശരീരമുള്ളവൻ.

ദനാ കേട്ടു. അദ്ദേഹം പെട്ടെന്നു് ആ സ്ഥലത്തെത്തിയപ്പോൾ കണ്ടതു്, ഒരു വലിയ ജനക്കൂട്ടത്തെ ആണു്. ഒരു വൃദ്ധൻ ഒരു വണ്ടിക്കടിയിൽവീണു്, അതിന്റെ ചക്രങ്ങളിൽ കുരുങ്ങിക്കിടക്കുന്നു. വണ്ടിയുടെ ഭാരം മുഴുവനും ആ കിഴവന്റെ പുറത്താണു്. അയാൾ [1] ഹൃദയഭേദകമായി ഞരങ്ങുകയും മൂളുകയും ചെയ്യുന്നുണ്ടു്. ചക്രങ്ങൾക്കടിയിൽ നിന്നും അയാളെ വലിച്ചെടുക്കാൻ ആളുകൾ ആവുന്നത്ര പരിശ്രമിച്ചുനോക്കി; പക്ഷേ ഫലിച്ചില്ല. അവിടെ വന്നുചേർന്ന ചീഫ് ഇൻസ്പെക്ടർ ഒരു 'ജാക്കു്' കൊണ്ടുവരാൻ ഏർപ്പാടു ചെയ്തിരിക്കുകയാണു്. അപ്പോഴാണു് മേയർ സ്ഥലത്തെത്തിയതു്. ജനങ്ങൾ അദ്ദേഹത്തെ കണ്ടയുടനെ ബഹുമാനത്തോടെ വന്ദിച്ചു. പക്ഷേ അദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവനും, ദയനീയമായി വിലപിക്കുന്ന വൃദ്ധന്റെ നേർക്കാണു് പതിഞ്ഞതു്. തലേ ദിവസം മഴപെയ്ത നിരത്തിൽ ചെളികെട്ടിയിരുന്നതിനാൽ, വണ്ടി പത്തുക്കൊപ്പത്തുക്കെ താണുകൊണ്ടിരുന്നു. അഞ്ചു നിമിഷത്തിനകം ഒരു സാധുവിന്റെ ജീവൻ വേർപെടുമെന്നകാര്യം തീർച്ചയാണു്.

"ജാക്കു് വരുന്നതു കാത്തുനിൽക്കാൻ നേരമില്ല. വണ്ടിക്കടിയിൽ ഇഴഞ്ഞു കയറി, ചുമലുകൊണ്ടു് വണ്ടി പൊക്കിയെടുക്കാൻ തയാറുള്ളവനു്, ഞാൻ ഒരു നല്ല

---

1. ഹൃദയഭേദകമായി = ഹൃദയത്തെ ഭേദിക്കുന്നതുപോലെ

പ്രതിഫലം നൽകുന്നതാണ്. വരട്ടെ, ആരെങ്കിലും മുമ്പോട്ട്" മാഡ്‌ലീൻ വിളിച്ചു പറഞ്ഞു.

ഇതുകേട്ട് ജാവെർട്ട് ഒന്നു ചിരിച്ചു. "സാർ, അതിനു കുറ്റത്തുള്ള ഒരുത്തരും ഇവിടെയില്ല. ഒരാളേ ഉള്ളൂ അതിനു കഴിയുന്നവൻ. അയാൾ ടൂലൂണിലെ ഒരു തടവുകാരനാണ്."

ഇൻസ്പെക്ടരുടെ വാക്കുകൾ ശ്രദ്ധിക്കാതെ മേയർ ഒരിക്കൽക്കൂടി സഹായഹസ്തം അന്വേഷിച്ചു. ആരും മുമ്പോട്ടു വന്നില്ല. പെട്ടെന്ന്, മുറ്റത്തിലും നിന്ന ജനങ്ങളെ അദ്ഭുതാധീനരാക്കുമാറ്, മേയർ വണ്ടിക്കടിയിൽ കയറിക്കിടന്ന്, അതിനെ ശരീരംകൊണ്ട് ഉയർത്തിത്തുടങ്ങി. "മാഡ്‌ലീൻ, അങ്ങയുടെ ജീവൻ അപകടത്തിൽ ആക്കരുത്" എന്ന് ജനാവലി നിലവിളിച്ചിട്ടും മേയർ കൂട്ടാക്കിയില്ല. ഒട്ടും താമസിക്കാതെ, എല്ലാ ആളുകളും ഒന്നിച്ചു പ്രവർത്തിച്ച്, വണ്ടി പൊക്കിയെടുത്തു. അങ്ങനെ ആ പാവപ്പെട്ട വൃദ്ധൻ രക്ഷപ്പെട്ടു.

മാഡ്‌ലീൻ എഴുന്നേറ്റു. ചെളിയും അഴുക്കും പറ്റിയ വസ്ത്രങ്ങളുമായി നിൽക്കുന്ന അദ്ദേഹത്തെ കണ്ട് വൃദ്ധൻ നന്ദിപൂർവം പൊട്ടിക്കരഞ്ഞു. അദ്ദേഹത്തെ 'നല്ല ദൈവമേ' എന്ന് വിളിച്ചുപോയി. [1]സ്തബ്ധനായി

---

1 സ്തബ്ധൻ=നിശ്ചലൻ (ചലനമില്ലാത്തവൻ)

നിലകൊണ്ട ജാവെർട്ടിനെ മേയർ പെട്ടെന്ന് ഒന്നു നോക്കി. പിരിഞ്ഞുപോയ ജനക്കൂട്ടം അവരുടെ മഹാനായ നഗരപിതാവിനെ വാഴ്ത്തിപ്പാടി. സ്വഭവനത്തിൽ എത്തിയ മാഡ്‌ലീന്റെ മനസ്സിലാകട്ടെ, സ്മരണകൾ തിരക്കിട്ട കയറിക്കൊണ്ടിരുന്നു.

ഏതാനും ദിവസം കഴിഞ്ഞപ്പോൾ വേറൊരു സംഭവം ഉണ്ടായി. 'ഫന്തീൻ' എന്ന പേരുള്ള അശരണയായ ഒരു സ്ത്രീയെ ജാവെർട്ട് അറസ്റ്റു ചെയ്തു. ഒരു പൗരനെ പരസ്യമായി ആക്ഷേപിച്ചു എന്നതാണ് അവളുടെ മേൽ ചുമത്തപ്പെട്ടിരുന്ന കുറ്റം. ധനവും സ്വാധീനശക്തിയും ഉള്ളതുകൊണ്ട് ജാവെർട്ട് ഭയപ്പെട്ടിരുന്ന ഒരു പച്ചപ്പരിഷ്കാരി ആയിരുന്നു ആ പൗരൻ. ഈ കേസ്സിനെപ്പറ്റി മാഡ്‌ലീൻ അറിഞ്ഞു. അദ്ദേഹം പ്രസ്തുതസ്ത്രീയുടെ ഭാഗത്താണ് ന്യായം എന്നു വാദിച്ചു. ശാന്തമായ സ്വരത്തിൽ അദ്ദേഹം ഇൻസ്പെക്ടരോട് പറഞ്ഞു.

"ശ്രദ്ധിച്ചു കേൾക്കണം. നിങ്ങൾ ഒരു സത്യസന്ധനാണ്. സൗഹാർദ്ദപൂർവ്വമായ ഒരു നിർദ്ദേശം നിങ്ങൾ കൈക്കൊള്ളുമെന്നാണ് എന്റെ പ്രതീക്ഷ. ഈ കേസ്സിന്റെ മുറുകെ പാടുകൾ എനിക്കു അറിയാം. ഈ സ്ത്രീ

ഒരു തെറ്റും ചെയ്തിട്ടില്ല. നേരേമറിച്ച്, ഈ അന്യായം കൊണ്ടുവന്നവനെ ആണ് അറസ്റ്റുചെയ്യേണ്ടത്.""

ജാവെർട്ടിന്റെ ഉത്തരം പ്രതിക്രൂരമായിരുന്നു. "എനിയ്ക്കു വലിയഖേദമുണ്ട്, സാർ!. പക്ഷേ ഈ സ്ത്രീ കുറക്കാരിയാണ്. അവൾ ആറുമാസം ജെയിലിൽ കിടക്കണമെന്നാണ് എന്റെ കൃത്യബോധം ആവശ്യപ്പെട്ടന്നത്.""

"പാടില്ല; അവൾ ഒരു ദിവസം പോലും തടവിൽ കിടക്കുകയില്ല. ഈ നാട്ടിലെ ശിക്ഷാനിയമം അനുസരിച്ച്, ഈ കേസ്സിൽ വിധികൽപ്പിക്കേണ്ടത് മേയറായ ഞാനാണ്. ഈ സ്ത്രീയെ മോചിപ്പിക്കുവാൻ ഞാൻ ഇതിനാൽ ആജ്ഞാപിക്കുന്നു.അല്ലാത്തപക്ഷം തെറ്റായി തടങ്കലിൽ വച്ചതിനു നിങ്ങൾ ഉത്തരവാദി ആയിരിക്കും.'' മേയർ അധികാരസ്വരത്തിലാണ് ഇതുയും പറഞ്ഞത്.

ജാവെർട്ട് നഗരപിതാവിനെ വന്ദിച്ചിട്ട് സ്ഥലം വിട്ടു.

മേയർക്കു ഫാൻതീനോട് നിറഞ്ഞ അനുകമ്പ ഉണ്ടായിരുന്നു. ദുരിതത്തിൽ മുങ്ങിക്കുളിച്ച ഒരു ജീവിതമാണ് അവൾ നയിച്ചിരുന്നത്. ആ പാവപ്പെട്ട സ്ത്രീ മൂക്കറ്റം കടത്തിൽ മുഴുകിയിരുന്നു. അവളുടെ ഓമനകളായ കോസെറ്റ് എന്ന പെൺകുട്ടി അമ്മയുമായി വേർപെട്ട് ദൂരെയുള്ള ഒരു നഗരത്തിൽ പാർത്തിരുന്നു. ഫാൻതീൻ കൊടുത്തു തീർക്കാനുണ്ടായിരുന്ന പണത്തിനു പ്ര

തിഫലമായി, 'തെനാർദിയേ'എന്ന ഹോട്ടൽനടത്തിപ്പു കാരനും ഭാര്യയും ആ പെൺകുട്ടിയെക്കൊണ്ടു് നിഷ്ഠുരണം പണിയെടുപ്പിച്ചുവന്നു. ഈ അവസ്ഥകൾ എല്ലാം മേയർ ധരിച്ചിരുന്നതുകൊണ്ടാണു് അദ്ദേഹത്തിന്റെ അനുകമ്പ അതിരു കവിഞ്ഞതു്.

ജാവെർട്ടു് പിരിഞ്ഞപ്പോൾ മാഡ്‌ലീൻ ഫൻതീനെ സാന്ത്വനപ്പെടുത്തി. "മനസ്സു കലങ്ങേണ്ട ഫൻതീൻ. ഞാൻ സഹായിക്കാം. ഞാൻ നിങ്ങളുടെ കടം വീട്ടാം. നിങ്ങളുടെ കുഞ്ഞിനെ ഞാൻ കൊണ്ടുവന്നുതരാം. ഇവിടെയോ പാരീസിലോ, എവിടെ വേണമെങ്കിലും നിങ്ങൾക്കു ജീവിക്കാം. നിങ്ങൾക്കു് ആവശ്യമുള്ള പണം തരാം".

ദാഹിച്ചു മരിക്കാൻ പോകുന്ന ഒരാളിനു് വേണ്ടുവോളം ശുദ്ധജലം കിട്ടിയതുപോലെ, ഫൻതീൻ സംതൃപ്തയായി. "എന്റെ പൊന്നുമകൾ കോസെറ്റു് ഒരിക്കൽക്കൂടി എന്നോടൊത്തു കഴിയുക! കടത്തിൽനിന്നും കരകയറുക! ഒരിക്കൽക്കൂടി ജീവിക്കുക!". അവൾ മാഡ്‌ലീന്റെ മുഖത്തു് മിഴിച്ചു നോക്കി നിന്നു. ഉത്തരക്ഷണത്തിൽ അവൾ ഏങ്ങിയേങ്ങിക്കരഞ്ഞുപോയി. ദുർബലങ്ങളായ കൈകാലുകൾ കുഴഞ്ഞുപോയി. അവൾ[1] മൂർച്ഛിച്ചു

---

1. മൂർച്ഛിച്ചുവീഴുക=ബോധം കെട്ടുവീഴുക

താഴെവീണു. മേയക്കു് സന്ദർഭത്തിന്റെ ഗൗരവം മനസ്സിലായി. പുത്രീ [1] വിയോഗംകൊണ്ടു് ഫൻതീൻ മിക്കവാറും [2] ഉന്മാദിനിയായി ത്തീന്നിരിക്കുകയാണെന്നു് അദ്ദേഹം വിചാരിച്ചു. അവൾക്കു് ബോധം വീണതിനുശേഷം "കോസെറ്റിനെ കൊണ്ടുവന്നു് ഏല്പിക്കാം" എന്നു് അദ്ദേഹം ഒരിക്കൽക്കൂടി വാഗ്ദാനം ചെയ്തു.

പക്ഷേ, ഒരിക്കലും പ്രതീക്ഷിക്കാത്ത മട്ടിലാണല്ലോ പലപ്പോഴും പല വിചിത്രസംഭവങ്ങളും ഉണ്ടാകുന്നതു്. [3] അവിചാരിതവും അദ്ഭുതകരവും ആയ ഒരു സംഭവം, അന്നത്തെ പ്രതിജ്ഞ പരിപാലിക്കുന്നതിനു് [4] പ്രതിബന്ധമായി ത്തീർന്നു.

ചോദ്യങ്ങൾ

1 മാഡ്ലീൻ നഗരപിതാവായതു് എങ്ങനെ?
2 നഗരപിതാവായതിനുശേഷം അദ്ദേഹം നടത്തിയ ധർമ്മകൃത്യം എന്തു്?
3 മാഡ്ലീൻ ഫൻതീനു് ചെയ്തുകൊടുത്ത സഹായങ്ങൾ എന്തെല്ലാം?

---

1 വിയോഗം=വേർപാടു്
2 ഉന്മാദിനി=ഭ്രാന്തുപിടിച്ചവൾ
3 അവിചാരിതം=വിചാരിച്ചിരിക്കാത്തതു്
4 പ്രതിബന്ധം = തടസ്സം

5. വിജയമോ പരാജയമോ ?

പിറേറദിവസം ഒരു കേസ്സുവിസ്താരം നടക്കാൻ പോവുകയാണു്. ജീൻവാൽജീൻ എന്ന [1]പ്രമുഖനായ കുറവാളിയെ അന്വേഷിച്ചു നടന്ന പോലീസുകാർ അയാളെ അറസ്റ്റു ചെയ്തിരിക്കുന്നു. ആ സൂത്രശാലി, 'ഷാമാത്തൂ' എന്ന പേരിൽ, ഇത്രയും കാലം പോലീസുകാരുടെ കയ്യിൽനിന്നും ഒഴിഞ്ഞു മാറി നടക്കുകയായിരുന്നു. പക്ഷേ ഇപ്പോൾ അയാളെ പിടി കിട്ടിക്കഴിഞ്ഞു. ഈ വൃത്താന്തം ജാവെർട്ടു് മേയർ മാഡ്ലീനെധരിപ്പിക്കാൻ മറന്നു പോയില്ല.

കഥ അറിഞ്ഞ മേയർ രാത്രി മുഴുവനും അസ്വസ്ഥചിത്തനായി കഴിച്ചു കൂട്ടി. അദ്ദേഹത്തിന്റെ മനസ്സിൽ രണ്ടു വിപരീതചിന്തകളുടെ [2]സംഘട്ടനം നടക്കുകയായിരുന്നു. മാഡ്ലീൻ നിർഭയം ആത്മപരിശോധന ചെയ്തു. 'എന്റെ ലക്ഷ്യം സാധിച്ചു കഴിഞ്ഞു' എന്ന വാക്യത്തിനു് എന്താണു് അർത്ഥം ? തന്റെ ജീവിതത്തിനു് യഥാർത്ഥത്തിൽ ഒരു ലക്ഷ്യമുണ്ടു്. എന്താണു് ആ ലക്ഷ്യം ? തന്റെ പേരു മറച്ചു പിടിക്കുകയോ ?

---

1. പ്രമുഖനായ = പ്രമാണിയായ.
2. സംഘട്ടനം = ഏറ്റുമുട്ടൽ.

പോലീസുകാരെ വഞ്ചിക്കുകയോ ?. ആ നീചലക്ഷ്യം പ്രാപിക്കാനാണോ താൻ ഇത്രയുമൊക്കെ ഇക്കാലമെല്ലാം പ്രവർത്തിച്ചതു് ? നേരെമറിച്ചു്, [1] ഭീകരമായ ഒരു തെറ്റിനു് അടിമയായ ആ മനുഷ്യനെ രക്ഷിക്കാനായി പഴയ പേരു് സ്വീകരിച്ചു്, ഒരിക്കൽ ക്രൂടി ജീൻവാൽജീൻ എന്ന കുറ്റവാളിയാവുക—അതല്ലേ ആത്മാവിനെ ഉദ്ധരിക്കാനുള്ള ഏക മാർഗ്ഗം ? ആ മാർഗ്ഗം അയാൾ സ്വീകരിച്ചു പറ്റൂ. ഇല്ലെങ്കിൽ അന്നുവരെ ചെയ്ത സൽക്കർമ്മങ്ങളെല്ലാം നിസ്സാരമാകും. ജീവിതം നിഷ്പ്രയോജനമാകും. അനുഭവിച്ച [2] യാതനകൾ ഫലശൂന്യങ്ങളാകും. [3] പരേതനായ ബിഷപ്പു് തന്നോടൊത്തുണ്ടെന്നു് മാഡ്‌ലീൻ തോന്നി. അദ്ദേഹം തന്റെ നേരെ ദൃഷ്ടികളുറപ്പിച്ചിരിക്കുകയാണു്. മേയർമാഡ്‌ലീൻ എത്ര ഉത്തമപ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിലും, മേലാൽ ബിഷപ്പിന്റെ നോട്ടത്തിൽ [4] ഗർഹണീയനാണു്. പക്ഷേ കുറ്റവാളിയായ ജീൻവാൽജീൻ അദ്ദേഹത്തിന്റെ കണ്ണുകൾക്കു് വിശുദ്ധനും പ്രശംസാർഹനുമാണു്. ലോകർ തന്റെ മുഖം മൂടിയേ കണ്ടിട്ടുള്ളൂ. ബിഷപ്പു മാത്രമാണു്

---

1. ഭീകരമായ = ഭയാനകമായ.
2. യാതനകൾ = കഷ്ടപ്പാടുകൾ.
3. പരേതനായ = മരിച്ച.
4. ഗർഹണീയൻ = വെറുക്കപ്പെടേണ്ടവൻ.

ആ മുഖം നേരിട്ട് കണ്ടതു്. തീർച്ചയായും കേസ്സു വിസ്താരം നടക്കുന്ന [1] 'ആറാസി'ലേക്കു പോയി സത്യം വെളിപ്പെടുത്തണം! യഥാർത്ഥത്തിലുള്ള ജീൻവാൽജീൻ ആരെന്നു പ്രഖ്യാപിച്ചു്, വഞ്ചിതനായ മനുഷ്യനെ രക്ഷപ്പെടുത്തണം.! ഏറ്റവും വലിയ ത്യാഗം!. അതോടൊപ്പം അത്യുജ്ജ്വലമായ വിജയവും!. മനുഷ്യരുടെ മുമ്പിൽ 'അപകീർത്തി [2] സ്വയം വരിച്ചു കൊണ്ടു്, ദൈവത്തിന്റെ ദൃഷ്ടിയിൽ പരിശുദ്ധനാവുക—അതല്ലാതെ അദ്ദേഹത്തിനു പോംവഴി ഉണ്ടായിരുന്നില്ല.

അടുത്ത ദിവസം രാവിലെ, അദ്ദേഹം ആറാസിലെത്തി. ചെന്നപ്പോഴേയ്ക്കും വിസ്താരം മിക്കവാറും സമാപിച്ചിരുന്നു. കേസ്സിന്റെ വിവരങ്ങൾ സംഗ്രഹിച്ചു വിധി പറയാൻ ജഡ്ജി തുടങ്ങുകയായിരുന്നു. മേയർ കോടതിയിൽ പ്രവേശിച്ചു. ജഡ്ജിയുടെ ഇരിപ്പിടത്തിനടുത്തു് അദ്ദേഹം! [3] ഉപവിഷ്ടനാക്കപ്പെട്ടു.

ജഡ്ജി പ്രതിയോടു് അവസാന ചോദ്യം ചോദിക്കുകയാണു്. "നിങ്ങളുടെ ഭാഗത്തേയ്ക്കു് ഇനി എന്തെങ്കിലും പറയാനുണ്ടോ"?.

---

1. ആറാസു് = ഫ്രാൻസിലെ ഒരു സ്ഥലം.
2. സ്വയം വരിച്ചു് = തന്നത്താൻ സ്വീകരിച്ചു്.
3. ഉപവിഷ്ടനാക്കുക = ഇരുത്തുക.

പ്രതി വിക്കിവിക്കി എങ്ങനോ ഒരു ഉത്തരം പറഞ്ഞു. വാദിഭാഗം വക്കീലിനോട് കോടതി ആവശ്യപ്പെട്ടതനുസരിച്ച്, അയാൾ ജീൻവാൾജീനെ തിരിച്ചറിയാൻ കഴിവുള്ള മൂന്നു സാക്ഷികളെ ഹാജരാക്കി. പ്രതിയാണ് ജീൻവാൾജീൻ എന്നു മൂന്നുപേരും സത്യപ്രതിജ്ഞ ചെയ്തു ബോധിപ്പിച്ചു.

ഇത്രയുമായപ്പോൾ സന്ദർശകർക്കിടയിൽ ഒരു ആരവേശം പരന്നു. പ്രതിയെ കഠിനമായി ശിക്ഷിക്കുമെന്ന കാര്യം എപ്പോഴേക്കും ബോദ്ധ്യമായി.

"ഞാൻ കേസ്സും വിവരം സങ്ഗ്രഹിക്കാൻ പോകുന്നു". ജഡ്ജി ഒരറിയിപ്പു നൽകി. ഉടനെ ജഡ്ജിയുടെ സമീപത്തു് ഒരു ചലനമുണ്ടായി. "അന്ധരായ സാക്ഷികളേ, ഇങ്ങോട്ടു നോക്കുവിൻ" എന്നൊരു ഭയങ്കരശബ്ദം കേട്ട ദിക്കിലേയ്ക്ക് എല്ലാ ദൃഷ്ടികളും പതിഞ്ഞു. മൂന്നു സാക്ഷികളും പുറകോട്ടു നോക്കി. സ്വതന്ത്ര്യം അവസാനിപ്പിക്കുന്ന ഘട്ടത്തിൽ, അതിനെ വിഘ്നപ്പെടുത്താൻ ഒരാൾ തയാറയതു്, ജഡ്ജിക്കു കോപവും വിഷമവും ഉണ്ടാക്കി. അതു് ആരാണെന്നു അറിയാൻ ജഡ്ജി തിരിഞ്ഞു നോക്കിയപ്പോഴാണു്, [1] വിഘ്നകാരി മാഡ്ലീൻ ആണെന്നു മനസ്സിലായതു്.

---

1. വിഘ്നകാരി = തടസ്സക്കാരൻ.

അതേ, അതു മേയർ മാഡ്‌ലീന്റെ ശബ്ദം ആയിരുന്നു. അദ്ദേഹം എഴുന്നേറ്റ് നേരെ സാക്ഷിക്കൂട്ടിലേയ്ക്കു നടന്നു. തെളിവുകൊടുത്ത സാക്ഷികളെ സമീപിച്ച്, അദ്ദേഹം ചോദിച്ചു. "നിങ്ങൾക്ക് എന്നെ മനസ്സിലായോ?"

മൂന്നു പേരും കുഴങ്ങി. മനസ്സിലായില്ലെന്ന് അവർ [1]ശിരശ്ചാലനംകൊണ്ടു വെളിപ്പെടുത്തി. മാഡ്‌ലീൻ ഉടൻതന്നെ ന്യായാധിപപീഠത്തിലേയ്ക്കു കണ്ണയച്ചു. ഒരു മൃദുലസ്വരത്തിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു. "മാന്യരായ നിയമസംരക്ഷകരേ, ആ പ്രതിയെ വിടുക. എന്നെ അറസ്റ്റു ചെയ്യാൻ ഉത്തരവിടുക. നിങ്ങൾ ശിക്ഷിക്കേണ്ടതു് ആ മനുഷ്യനെ അല്ല; എന്നെയാണു്. ഞാനാണു് ജീൻവാൽജീൻ."

ഒരാൾപോലും അനങ്ങിയില്ല. ഭീകരമായ [2]ശ്മശാനനിശ്ശബ്ദത ആ കോടതിയിലെങ്ങും അല്പസമയത്തേയ്ക്കു വ്യാപിച്ചു. ദുഃഖിതനും പരവശനുമായ ജഡ്ജി ഗദസ്സിനെനോക്കി, താണസ്വരത്തിൽ ചോദിച്ചു. "ഇവിടെ ഒരു ഡാക്ടറുണ്ടോ?".

മേയർ തുടർന്നു പറഞ്ഞു "എനിക്കു് വൈദ്യസഹായം വേണ്ടിയിരിക്കുന്നതായി നിങ്ങൾ വിചാരി

---

1 ശിരശ്ചാലനം = തലയാട്ടൽ
2 ശ്മശാനനിശ്ശബ്ദത = മുടുകാട്ടിലെ നിശ്ശബ്ദത

ക്കുന്നു. എനിക്ക് യാതൊരു ബുദ്ധിമാന്ദ്യവുമില്ല. പക്ഷേ, എന്റെ കുറ്റം വേറൊരാളിൽ ചുമത്തി അയാളെ ശിക്ഷിക്കാൻ പാടില്ല. ഞാൻ നിർഭാഗ്യവാനായ ഒരു കുറ്റവാളിയാണു്. യഥാർത്ഥനീതി പുലരേണ്ട ഈ സ്ഥലത്തു്, കാര്യങ്ങളം വിശദമായി കാണാനും സത്യം പറയാനും ഞാൻ മാത്രമേയുള്ളൂ എന്നു വരിക എത്ര കഷ്ടമാണു്. ഞാൻ എന്റെ പേരുമാറ്റി. ഞാൻ ധനികനായി എന്നെ നഗരപിതാവാക്കി. എനിക്കു് ഇപ്പോളം പറയാൻ കഴിയാത്ത മറ്റു പല കാര്യങ്ങളുമുണ്ടു്. പക്ഷേ എന്നെങ്കിലും എന്റെ കഥ മുഴുവനും ഞാൻ പറയാം"!

ജഡ്ജി വാദിഭാഗം വക്കീലിനെ നോക്കി, സഗൗരവം പറഞ്ഞു. "മേയർ മാഡ്‌ലീനു് ഭ്രാന്താണു്. അതുകൊണ്ടാണു് ഇത്രമാത്രം ദയാകുലനായി അന്യദുഃഖത്തെ സ്വദുഃഖമായി കരുതുന്നതു്. പ്രതിയോടു് അദ്ദേഹത്തിനുള്ള അനുകമ്പ അല്പം കടന്നുപോയി!."

മേയർ ഈ പ്രസ്താവനയെ പ്രതിഷേധിച്ചു. "എനിക്കു് ഭ്രാന്തു പിടിച്ചെന്നു നിങ്ങളം പറയുന്നു. നിങ്ങളം എന്നെ വിശ്വസിക്കുന്നില്ല. ഞാൻ മേയർ ആണെന്ന കാര്യം മറക്കുക. നിങ്ങൾക്കു നീതിയോടു ബഹുമാനമുണ്ടെങ്കിൽ, ഞാൻ സ്വയം കുറ്റംസമ്മതിക്കുന്ന ഒരു അപരാധിയാണെന്നു ധരിക്കണം. ആ മനുഷ്യനെ

ശിക്ഷിക്കരുതു്. ആ ജാവെർട്ടു് ഇപ്പോൾ ഇവിടെ ഉണ്ടായിരുന്നെങ്കിൽ!"

ഇതു സൂക്ഷ്മമായി അദ്ദേഹം സംസാരിച്ചിട്ടും [1]ഭ്രാന്തജല്പനമായിട്ടേ ജഡ്ജിയും ജൂറിമാരും കരുതിയുള്ളൂ. അനന്തരം, പണ്ടു ജയിലിൽ വച്ചുണ്ടായ ചില അനുഭവങ്ങളുടെ ഓർമ്മ സാക്ഷികൾക്കു് ഉണ്ടാക്കാൻ മാഡ്‌ലീൻ ശ്രമിച്ചു. സാക്ഷികൾ പരിപൂർണ്ണമായി സമ്മതിച്ചു. ഒരു സാക്ഷിയെ പേരു പറഞ്ഞു വിളിച്ചിട്ടു്, മേയർ മോദിച്ചു.

"നിങ്ങളുടെ ഇടത്തെഭുജത്തിലെ തൊലി പൊളിച്ചു് 1815 മാർച്ചു് ഒന്നു്" എന്ന തീയതി എഴുതിയിട്ടില്ലേ? അതു് എല്ലാപേരെയും കാണിക്കൂ."

സാക്ഷി അപ്രകാരം ചെയ്തപ്പോൾ എല്ലാപേരുടെയും നോട്ടം സാക്ഷിയുടെ കയ്യിൽ തറച്ചു നിന്നു. ഹാ! എന്തൊരു വിസ്മയം! ആ തീയതി, അതാ മായ്ക്കാൻ പാടില്ലാത്ത വിധം കാണുന്നു.

"ഇപ്പോൾ ബോധ്യമായോ ഞാനാണു് ജീൻവാൽ ജീൻ എന്നു്?" മേയർ [2]സംശയാതീതമായി സത്യം വെളിപ്പെടുത്തി.

---

1. ഭ്രാന്തജല്പനം = ഭ്രാന്തന്റെ പുലമ്പൽ.
2. സംശയാതീതമായി = സംശയത്തിനു് അപ്പുറമായി.

ജഡ്ജിയുടെ മുഖഭാവം മാറി. മേയർ വാദിഭാഗം വക്കീലിനോട് പറഞ്ഞു. "മാന്യരേ, ഇനി ഞാൻ നിങ്ങളുടെ അധീനതയിലാണ്."

അല്പം നിമിഷങ്ങൾക്കുള്ളിൽ ഷാമാത്യൻ [1]വിമുക്തനായി. മേയറിന്റെ [2]ഉന്മാദമാണ് തന്റെ ദൈവികമായ മോചനത്തിനു കാരണമായതെന്ന ധാരണയോടെ, അയാൾ നടന്നു മറഞ്ഞു.

"എന്നെ ആരും അറസ്റ്റു ചെയ്തിട്ടില്ലാത്തതുകൊണ്ട് ഞാനും പോവുകയാണ്. സമയമാകുമ്പോൾ എന്നെ നിഷ്പ്രയാസം അറസ്റ്റു ചെയ്യാം. ഞാൻ താമസിക്കുന്നതു് എവിടെയാണെന്നു് എല്ലാപേർക്കും അറിയാം". മേയർ പുറത്തിറങ്ങി.

അദ്ദേഹത്തെ ആരും തടഞ്ഞില്ല. ജനങ്ങൾക്ക് ഇത്രയും കാലമുണ്ടായിരുന്ന ബഹുമാനത്തിനു [3]ഊനം തട്ടിയില്ല. [4]ജനാവലി വഴിമാറികൊടുത്തു. അവർ അദ്ദേഹത്തെ [5]ഹർഷാരവം കൊണ്ടു് ആദരിച്ചു.

മാൺടിവീലിൽ തിരിച്ചെത്തിയ മേയർ ആദ്യം സന്ദർശിച്ചതു്, ആശുപത്രിയിൽ കിടന്നിരുന്ന ഫൻതീ

---

1. വിമുക്തനായി = മോചിപ്പിക്കപ്പെട്ടവനായി
2. ഉന്മാദം = ഭ്രാന്ത്
3. ഊനം = കുറവ്
4. ജനാവലി = ജനക്കൂട്ടം
5. ഹർഷാരവം = സന്തോഷംകൊണ്ടുള്ള ശബ്ദം

നെയാണു്. അവരം കോസെറ്റിനെക്കുറിച്ചു പലതും പുല മ്പിക്കൊണ്ടിരുന്നു. "എന്താ, ഫൗൻതീൻ ഇപ്പോൾ സുഖ ക്കേട്ടു് എങ്ങനെ ഇരിക്കുന്നു?" എന്നദ്ദേഹം ചോദിച്ചപ്പോൾ അവരംക്കു് മറുപടി പറയാൻ കഴിഞ്ഞില്ല. അവരം വലത്തു കയ്യുകൊണ്ടു് അദ്ദേഹത്തെ സ്പർശിച്ചു. ഇടത്തേക്കൈ ചലിപ്പിച്ചു് പുറകിൽ നോക്കാൻ ആംഗ്യം കാട്ടി. മാഡ്‌ലീൻ തിരിഞ്ഞുനോക്കിയപ്പോൾ കണ്ടതു് പുറകിൽ നിൽക്കുന്ന ജാവെർട്ടിനെ ആണു്. "ഫൗൻതീൻ, പേടിക്കേണ്ട. നിങ്ങളെ അന്വേഷിച്ചല്ല ഇൻസ്പെക്ടർ വന്നതു്. ശാന്തമായിരിക്കൂ." മേയർ ആശ്വസിപ്പിച്ചു.

ജാവർട്ടു് മേയറിന്റെ നേരേ വന്നു് 'തയാറാവുക' എന്നുമാത്രം പറഞ്ഞു. ഫൗൻതീനു് ഒന്നും ഗ്രഹിക്കാൻ കഴിഞ്ഞില്ല. അവരം പരലോകസഞ്ചാരം ആരംഭിച്ചിരുന്നു. ഇൻസ്പെക്ടർ മഹാനായ മേയറെ പിടിക്കുന്നതും മുറിയിൽ നിന്നും പുറത്താക്കുന്നതും അവരം കണ്ടു. പരിദീനയായ ഫൗൻതീൻ നിലവിളിച്ചുപോയി.

"മിണ്ടിപ്പോകരുതു്. ഇവിടെ ഒരു മേയറുമില്ല. ഞാൻ പിടിക്രൂടിയ ഈ പുള്ളി ജീൻവാൽജീൻ എന്ന കുറവാളിയാണു്. എത്ര നാളായി ഞങ്ങളം അന്വേഷിക്കാൻ തുടങ്ങിയിട്ടു്! ഇപ്പോഴിതാ കയ്യിൽ കിട്ടി". ക്രൂരമായചാരിതാത്ഥ്യം ആണു് ജാവർട്ടിന്റെ വാക്കു കളിൽ

നിഷ്ഫലമായിട്ടില്ലെന്നു തോന്നി. കോസെറ്റിനെ കൂട്ടിക്കൊണ്ടുവന്നു, ഫന്തീനെ ഏല്പിക്കാൻ ഇതുവരെ സാധിച്ചില്ല. മൂന്നു ദിവസത്തെ അവധികിട്ടണമെന്നു അദ്ദേഹം ജാവർട്ടിനോടു [1] അഭ്യർത്ഥിച്ചു. പ്രതികാരത്തിനു കിട്ടുന്ന ഒരു സന്ദർഭവും വിട്ടുകളയാത്ത ആ പോലീസു പ്രമാണി ആ പ്രാർത്ഥന [2] നിഷ്കരുണം നിരസിച്ചു.

മേയറെ അറസ്റ്റു ചെയ്യുന്ന രണ്ടാം ദുർബലയായ ഫന്തീനു അതീവ ദുസ്സഹമായിരുന്നു. അവൾ എഴുന്നേറ്റിരിക്കാൻ പണിപ്പെട്ടു. മേയറെയും, ജാവെർട്ടിനെയും ആ രോഗിണിമാറി മാറിനോക്കി. എന്തോ ചിലതു പറയുവാൻ അവൾ ആഗ്രഹിച്ചു. പക്ഷേ ആശിച്ചതു നടന്നില്ല. ഒരു ഞൊടിക്കുള്ളിൽ ഫന്തീൻ [3] അന്തരിച്ചു. മാഡ്ലീന്റെ കണ്ണുകളിൽ നിന്നും [4] ബാഷ്പജലം ധാരധാരയായി ഒഴുകി.

"നിങ്ങളാണു ഈ സ്ത്രീയെ കൊന്നതു". ആ മനുഷ്യ സ്നേഹിയുടെ താപം കോപമായി മാറി.

"ശബ്ദിക്കരുതു. ഈ വേദോപദേശമെല്ലാം നിറുത്തു. കാവൽശിപായി നടയിലുണ്ടു. വരൂ,

---

1. അഭ്യർത്ഥിച്ചു = അപേക്ഷിച്ചു
2. നിഷ്കരുണം = കരുണയില്ലാതെ
3. അന്തരിച്ചു = മരിച്ചു
4. ബാഷ്പജലം = കണ്ണുനീർ

വിലങ്ങില്ലാതെ." ജാവെർട്ട് നിർദ്ദയം പരിഹസിച്ചു.

കിടക്കയുടെ ഒരു വശത്തു് തൂങ്ങിക്കിടന്ന, ഫൗ ന്തീന്റെ കൈയ്യെ മുമ്പിൽ ജീൻ മുട്ടുകുത്തി. ആ കരം ഉയത്തി, അദ്ദേഹം അതു ചുംബിച്ചു. അനന്തരം എഴുന്നേറു് ജാവെർട്ടിനോടു പറഞ്ഞു. "ഞാനിതാ തയാർ. എന്നെ ജെയിലിലേയ്ക്കു കൊണ്ടുപോക്കു".

അങ്ങനെ, നഗരപിതാവായി പ്രശോഭിച്ചിരുന്ന ജീൻവാൽജീൻ വീണ്ടും കാരാഗൃഹത്തിന്റെ ഇരുമ്പഴികൾക്കുള്ളിൽ കുടുങ്ങി.

ചോദ്യങ്ങൾ

1 ഷാമാത്യുവിനെ തടവിലാക്കാനുള്ള കാരണം എന്തു്?
2 തടവിൽനിന്നും ഷാമാത്യു മുക്തനായതു് എങ്ങനെ?

6. തണൽമരവും കൊടുങ്കാറ്റും

തടവുവിട്ടോടിപ്പോവുക ജീൻവാൽജീനു് വെറും ഒരു കുട്ടിക്കളിആയിരുന്നു. അന്നു രാത്രി അയാൾ ജന്നൽക്കമ്പി വലിച്ചൊടിച്ചു്, ക്രൂരപ്പുറത്തുനിന്നും നിലത്തു ചാടി, രക്ഷപ്പെട്ടു. പഴയ ഭൃത്യനെക്കണ്ടു്, ഫാൻതീന്റെ ശവസംസ്കാരത്തിനു് ഏർപ്പാടു ചെയ്തിട്ടു്, ജീൻ നേരേ പാരീസിലേയ്ക്കു പുറപ്പെട്ടു.

താൻ ഭദ്രമായി സൂക്ഷിച്ചിരുന്ന തടവു പുള്ളി കടന്നു കളഞ്ഞു എന്നറിഞ്ഞപ്പോൾ, ജാവെർട്ടു് നിരാശനായി. പക്ഷേ മനോഭദ്രം കൂട്ടാക്കാതെ എത്രയും വേഗത്തിൽ അയാൾ പാരീസിലേയ്ക്കു യാത്രയായി. ജീൻ ഒരിക്കൽക്കൂടി ഇൻസ്പെക്ടരുടെ കയ്യിൽപ്പെട്ടു. കുറവാളികളെ കയറ്റിയിട്ടുള്ള കപ്പലിൽ ക്രൂലിപ്പണി ചെയ്യാൻ ആ നിർഭാഗ്യവാൻ [1]നിയുക്തനായി.

അങ്ങനെ കുറച്ചുനാൾ ചെന്നേയുള്ളൂ;ഒരാവൃത്തിക്കൂടി രക്ഷപ്പെടാൻ ജീൻവാൽജീനു് അവസരം കിട്ടി. യാദൃച്ഛയാ ഒരു നാവികൻ കപ്പലിൽനിന്നും കടലിൽ വീണു. കടലിൽ ചാടി അയാളെ രക്ഷിക്കാൻ ആരും ധൈര്യപ്പെട്ടില്ല. തന്നെ ബന്ധിച്ചിരുന്ന ചങ്ങല മാറ്റാമെങ്കിൽ

---

1 നിയുക്തനായി = നിയോഗിക്കപ്പെട്ട

താൻ അതിനു തയാറാണെന്നു ജീൻമാത്രം ഉറപ്പുനൽകി. ആ നിശ്ചയം ഉദ്യോഗസ്ഥന്മാക്കു സമ്മതമായി. ജീൻ കടലിൽ ചാടി നാവികനെ രക്ഷിച്ചു, അയാളെ ചുമലിലെടുത്തുകൊണ്ടു, കപ്പലിൽ തിരിച്ചുവന്നു. പക്ഷേ അയാളുടെ ധൈര്യപരാക്രമങ്ങളെ കപ്പലിലുള്ളവർ പുകഴ്ത്തുന്നതിനിടയ്ക്ക്, [1]പ്രശംസാഭാജനം വീണ്ടുംകടലിൽ ചാടിമറഞ്ഞു. അയാൾ മരിച്ചിരിക്കുമെന്നു് എല്ലാവരും തീരുമാനിച്ചു. പത്രങ്ങൾ ചരമവാർത്ത പരസ്യപ്പെടുത്തുകയും ചെയ്തു.

കടലിൽക്കൂടി നീന്തി കരയ്ക്കുകയറിയ ജീൻ നേരേ പോയതു് പാരീസിലേയ്ക്കായിരുന്നു. ആദ്യമായി കോസെറ്റിനെ കണ്ടുപിടിക്കാനായിരുന്നു ശ്രമം. അയാൾ തെനാർദിയേയുടെ ഹോട്ടലിൽ ചെന്നു, ദുരാഗ്രഹത്തിന്റെ മൂർച്ച മുറിയും സ്നേഹം തൊട്ടുതെറിച്ചിട്ടില്ലാത്ത [2]കശ്മലപ്രകൃതിയുമായ ആ കച്ചവടക്കാരനു് ആയിരത്തിയഞ്ഞൂറ്റി ഫ്രാങ്കുകൊടുത്തു. നരകതുല്യമായ ജീവിതം നയിച്ചിരുന്ന കോസെറ്റിനെ മോചിപ്പിച്ചു.

അന്നുവരെ ജീൻവാൽജീനു് സ്വന്തമായി ഒന്നും തന്നെ ഉണ്ടായിരുന്നില്ല. കള്ളനെന്ന മുദ്രകുത്തി, ആദ്യമായി ജയിലിലടക്കപ്പെട്ടതിൽ പിന്നീടു്, ജീൻ ഏകാകിയായിട്ടാണു് ഈ ലോകത്തിൽ ജീവിച്ചതു്. ഒരു അച്ഛനോ, കാമുകനോ, ഭർത്താവോ, സുഹൃത്തോ, ആയി അയാൾ

---

1. പ്രശംസാഭാജനം = പ്രശംസയ്ക്കു പാത്രം.
2. കശ്മലപ്രകൃതി = ദുഷ്ടസ്വഭാവം ഉള്ളവൻ

വർത്തിച്ചിട്ടില്ല. നെടുനാളത്തെ ഏകാന്തതയ്ക്കുശേഷം കോസെറിനെ കണ്ടപ്പോളാണു്, അയാളുടെ അന്തരാത്മാവു് ഒരു മനുഷ്യ ജീവിയുമായി അടുക്കാൻ തുടങ്ങിയതു്. ആ സുന്ദരിയായ കൊച്ചുപെൺകുട്ടി അയാളുടെ ഹൃദയത്തിൽ ഒട്ടിപ്പിടിച്ചു. കോസെറു് അയാൾക്കു് പരമാനന്ദകാരണമായി. ദീനിലെ ഖിഷ്ലു് ആ തടവുപുള്ളിയുടെ ഹൃദയചക്രവാളത്തിൽ നന്മയുടെ ഉദയം തെളിയിച്ചു. കോസെറാകട്ടെ, സ്നേഹത്തിന്റെ [1]പുലരിയിൽ അയാളെ കൊണ്ടെത്തിച്ചു. ഒരു അച്ഛനെന്നോണം ജീൻ അവളെ സ്നേഹിച്ചു. ദുരിതത്തിന്റെ തഴമ്പു പിടിച്ച അയാളുടെ മനസ്സു് സുഖവും സന്തോഷവും എന്താണെന്നു് അറിഞ്ഞു. ജീൻ അവളെ എഴുത്തും വായനയും അഭ്യസിപ്പിച്ചു. കോസെറിനെ പഠിപ്പിക്കാനും അവളുടെ നിർദ്ദോഷമായ കൃസ്തുതിത്തരങ്ങൾ കണ്ടു രസിക്കാനും മാത്രമേ അയാൾക്കു് സമയമുണ്ടായിരുന്നുള്ളൂ എന്നുപോലും തോന്നിപ്പോകും. കോസെറു് രക്ഷിതാവിനെ അച്ഛനെന്നാണു് വിളിച്ചിരുന്നതു്. അങ്ങനെ ആയിരുന്നു അവളുടെ വിശ്വാസവും.

ഒരു ദിവസം ജീൻ കോസെറുമൊന്നിച്ചു് ഒരു തെരുവിൽക്കൂടി പോകുമ്പോൾ, വഴിയരികിൽ ഒരു ഭിക്ഷക്കാ

---

1 പുലരി=പ്രഭാതം

രനെ കണ്ടു. അയാൾ മുഖം കുനിച്ചിരിക്കുകയായിരുന്നു. ജീൻ അയാൾക്കു് ഭിക്ഷകൊടുത്തു. തല ഉയർത്തി അല്പ നേരം നോക്കിയിട്ടു്, യാചകൻ വീണ്ടും കുനിഞ്ഞിരുന്നു. ജീനിന്റെ മുഖം വിവർണ്ണമായി. അതൊരു പിച്ചക്കാരനല്ല. തന്നെ നശിപ്പിക്കാൻ [1] ബദ്ധപ്രതിജ്ഞനായ ശത്രുവാണു്. അതേ, ജാവർട്ടു്!. ജീൻ അസ്വസ്ഥനും ആശങ്കാഭരിതനുമായി, പെട്ടെന്നു വീട്ടിലേയ്ക്കു പോയി.

ജാവെർട്ടു് എന്ന കരിനിഴൽ വീണ്ടും സ്വജീവിതത്തിൽ വീശിയിരിക്കുന്നു എന്നു് ജീൻവാൽജീനു് മനസ്സിലായി. കോസെറ്റുമായി സ്ഥലം വിടുകയേ മാർഗ്ഗമുള്ളൂ. അവളോടു് ഒരക്ഷരം പറയാതെ ആ പെൺകുട്ടിയേയും കൊണ്ടു് ജീൻ വീട്ടിൽനിന്നും തിരിച്ചു. നിലാവുള്ള ദിവസമാണു്. ആരെങ്കിലും പിൻതുടരുന്നുണ്ടോ എന്നറിയാൻ ക്കൂടക്കൂടെ തിരിഞ്ഞു നോക്കിക്കൊണ്ടാണു് അയാൾ സഞ്ചരിച്ചതു്. ഇതിനകം അച്ഛന്റെ പ്രത്യേകതകൾ പരിചയിച്ചു കഴിഞ്ഞിരുന്ന കോസെറ്റു് ഒന്നും മിണ്ടിയില്ല. പല മണിക്കൂറുകൾ അങ്ങനെ എല്ലാ തെരുവുകളിലും ക്കൂടി അവർ യാത്രചെയ്തു. പോഷീസ് സ്റ്റേഷന്റെ അടുക്കൽ എത്തിയപ്പോൾ ജീൻ സംശയാകുലനായി. ചിലർ

---

1 ബദ്ധപ്രതിജ്ഞൻ=പ്രതിജ്ഞചെയ്തവൻ

തന്നെ പിന്തുടരുന്നുണ്ടെന്നും അവരിൽ ഒരാൾ ജാവെർട്ട് ആണെന്നും അയാൾക്കു് അറിയാൻ സാധിച്ചു. ഏതായാലും രക്ഷപ്പെടാൻ തീരുമാനിച്ച ജീൻ കോസെറിനെ കൈത്തണ്ടിൽ വഹിച്ചുകൊണ്ടു് ഓടാൻ തുടങ്ങി. ജാവെർട്ട് ക്ലട്ടും ക്ലൂടെയെത്തുന്നുണ്ടു്. പട്ടണത്തിലെ സർവ്വീഥികളിലും അവർ മിന്നൽവേഗത്തിൽ സഞ്ചരിച്ചു. ഒടുവിൽ അവരുടെ ദൃഷ്ടിയിൽനിന്നും അപ്രത്യക്ഷനായി, ഒരു ഉൗടുവഴിയിൽക്കൂടി ജീൻ പാഞ്ഞുപോയി. ജാവെർട്ട് കുഴങ്ങി. അയാൾക്കു് എന്തു ചെയ്യണമെന്നറിഞ്ഞുകൂടാതെയായി. ഒരു പോലീസുകാരനെ അവിടെ കാവലിനു നിറുത്തിയിട്ടു്, അയാൾ പോലീസു് കേന്ദ്രത്തിലേയ്ക്കു തിരിച്ചു. ഓടിയോടി മുന്നോട്ടു നീങ്ങിയ ജീൻവാൽജീനെ ഒരുഉയന്നമതിൽ തടഞ്ഞു നിറുത്തി. തിരിഞ്ഞോടിയാൽ പോലീസുക്കാർ പിടിക്കുന്നും. ടൂലൂണിൽവച്ചു് പലതവണ ജയിൽ ചാടി പരിചയമുണ്ടായിരുന്ന അയാൾക്കു് ഇപ്പോഴും ഒരു രക്ഷാമാർഗ്ഗം കണ്ണിനുമുമ്പിൽ തെളിഞ്ഞു. കണ്ണുയർത്തിനോക്കി, മതിലിന്റെ പൊക്കം പതിനെട്ടടിയോളം വരുമെന്നു് അയാൾ കണക്കാക്കി. അയാൾക്കു് അത്ര ചാടിക്കടക്കുക [1] ദുഷ്കരമായിരുന്നില്ല. പക്ഷേ കോസെറിനെ എന്തു ചെയ്യും? അവർക്കു് അറിയാമോ

---

1. ദുഷ്കരം = ചെയ്യാൻപ്രയാസം ഏറിയതു്.

മതിൽ കയറാൻ ? അ[1] വാത്സല്യധാമത്തെ ഉപേക്ഷിക്കുന്നതിൽ ഭേദം പോലീസുകാർക്കു് പിടികൊടുക്കുകയാണു്. അവളെയും കൊണ്ടു് മതിൽ കയറിരക്ഷപ്പെടുന്നതെങ്ങനെ ?. ഇങ്ങനെ പലതും വിചാരിച്ചു നിൽക്കേ, 'അയാളുടെ നോട്ടം അടുത്തുള്ള ഒരു വിളക്കുതൂണിൽ പതിഞ്ഞു. ആ തൂണിന്റെ മുകളിൽ നിന്നും ഒരു കയർ തൂങ്ങിക്കിടന്നിരുന്നു. കപ്പികൊണ്ടു് വിളക്കു് ഉയർത്താനും താഴ്ത്താനുമായി ഉപയോഗിച്ചിരുന്നതാണു് ആ കയർ. ഇതു കണ്ട ഉടനെ ജീൻ അല്ലുമൊന്നു് ആശ്വസിച്ചു. അയാൾ കോസെറ്റിന്റെ അരയിൽ ഒരു തുണികെട്ടി, അതിനെ കയറിന്റെ ഒരു അറ്റവുമായി ബന്ധിച്ചു. ചെരിപ്പും കാലുറയും മതിലിനു മുകളിലേയ്ക്കു് എറിഞ്ഞു. കയറിന്റെ മറ്റേഅറ്റം കടിച്ചുപിടിച്ചുകൊണ്ടു്, അയാൾ മേല്പോട്ടു് ഉയർന്നു തുടങ്ങി. ഒരു നിമിഷമേ വേണ്ടിവന്നുള്ളൂ, അയാൾക്കു് മതിലിനു മുകളിൽ ചെല്ലുവാൻ. പിന്നീടു് കോസെറ്റിനെ വലിച്ചു കയറ്റുവാനുള്ള പരിശ്രമം ആയി. അതും സഫലമായപ്പോൾ, അവളെ മുതുകിൽ കയറ്റി, ജീൻമുന്നോട്ടു് ഇഴയാൻ ആരംഭിച്ചു. ഒരു നാരകത്തിന്റെ ചുവട്ടിൽ എത്തപ്പോഴേയ്ക്കും, ആ ഗതി അവസാനിപ്പിച്ചു്, ആ വൃക്ഷ

---

1. വാത്സല്യധാമം = വാത്സല്യത്തിന്റെ ഇരിപ്പിടം.

ത്തിൽ കയറേണ്ടിവന്നു. അതിൽനിന്നും മതിലിനു് അപ്പുറത്തുള്ള ഭൂമിയിലേയ്ക്കു ചാടിയിറങ്ങി. പ്രയാസവും ആപത്തും നിറഞ്ഞ ഈ യത്നങ്ങൾ നടക്കുമ്പോളെല്ലാം, ആ പെൺകുട്ടി ചെറുതായിപ്പോലും ശബ്ദിച്ചില്ല.

ജീൻ ഇപ്പോൾ ഒരു കന്യാസ്ത്രീമഠം നിൽക്കുന്ന പുരയിടത്തിൽ എത്തിയിരിക്കുകയാണു്. അയാൾ അവിടെച്ചെന്നു് അല്പം കഴിഞ്ഞപ്പോൾ ഒരാൾ പ്രത്യക്ഷനായി.

"എനിക്കു് താമസസൗകര്യം തരാമെങ്കിൽ ഞാൻ നൂറു് ഫ്രാങ്കുതരാം." ജീൻ അയാളോടു് പറഞ്ഞു.

ആ മനുഷ്യൻ ജീനിന്റെ അടുത്തു വന്നു് സൂക്ഷിച്ചുനോക്കി. "ഫൗഷ്ലെവാൻ? ശ്രീ മാഡ്ലീൻ ആണോ ഇതു്!". അയാൾ അദ്ഭുത പരവശനായി ചോദിച്ചു.

ഇതു കേട്ടു് ജീൻ വിസ്മയിച്ചുനിന്നു. "അങ്ങു് ഇവിടെ എങ്ങനെ എത്തി? അങ്ങേയ്ക്കു് എന്തുപറ്റി? മേയറുടെ വേഷംഒന്നും കാണുന്നില്ലല്ലോ?" ആഗതൻ തുടർന്നു പറഞ്ഞു.

"നിങ്ങൾ ആരാണു്?" എന്നു് ഒരു മറുചോദ്യം ആയിരുന്നു ജീനിന്റെ മറുപടി.

"എന്നെ ഓർമ്മയില്ലേ? ഞാൻ ഫാക്കു് ലെവൻറു് ആണു്. അന്നു് മാൺടിവീൽ വച്ചു് വണ്ടിക്കടിയിൽ പെട്ടുപോയ എന്റെ ജീവനെ രക്ഷിച്ചതു് അങ്ങാണു്"

"എന്ത്? ഫാക്കു്ലെവൻറോ? ശരി. ഓർമ്മയുണ്ടു്." ജീൻ ആ പൂവ് സംഭവം സ്മരിച്ചു. തുടന്നുള്ള സംഭാഷണത്തിൽനിന്നും അതു് ഒരു കന്യാസ്ത്രീമഠം ആണെന്നു് ജീൻ ഗ്രഹിച്ചു

"മാന്യ സുഹൃത്തേ, ഞാൻ ഒരിക്കൽ നിങ്ങളുടെ ജീവൻ രക്ഷിച്ചു. ഇപ്പോൾ നിങ്ങൾ എന്നെ സഹായിക്കണം. എനിക്കും കുട്ടിക്കും താമസിക്കാൻ ഇടംതരണം". ജീൻ അപേക്ഷിക്കുകയായി.

"ഞാൻ നിങ്ങളെ എന്റെ കൊച്ചുപുരയിൽ കൊണ്ടു പോകാം. പക്ഷേ വളരെക്കാലം എനിക്കു് നിങ്ങളെ ഇവിടെ പാർപ്പിക്കാൻ കഴിയുകയില്ല. നിങ്ങൾ ഇവിടെ ഉണ്ടെന്നു് അധികാരികൾ അറിഞ്ഞാൽ എന്റെ ഉദ്യോഗം പൊയ്പ്പോകും. ഞാൻ ഇവിടെ ഇങ്ങു താഴേയറ്റത്തുള്ള ഒരു ജോലിക്കാരനാണു്. വെറും ഒരു തോട്ടക്കാരൻ മാത്രം."

അങ്ങനെ ജീനും കോസെറ്റും അന്നു രാത്രി ആ തോട്ടക്കാരന്റെ കുടിലിൽ കഴിഞ്ഞു കൂടി. പിറേറ ദിവസം രാവിലെ, അതിഥിയും [1] ആതിഥേയനും ഉണർന്നു്, ഭാവിപരിപാടികളെക്കുറിച്ചു ചിന്തിച്ചു. പുരുഷന്മാർ ആ

---

1. ആതിഥേയൻ = അതിഥിയെ സൽക്കരിക്കുന്ന ആൾ

കന്യാസ്ത്രീമഠത്തിൽ പ്രവേശിച്ചുകൂടാ എന്നായിരുന്നു നിയമം. അതുകൊണ്ട് ജീനും മകളും സ്ഥലം വിട്ടേ തീരൂ. "അങ്ങ് ഇവിടെ വന്നതു് ഒരു ദുഷ്കാലത്താണു്. ഇവിടത്തെ ഒരു കന്യാസ്ത്രീ സുഖക്കേടായി കിടക്കുന്നു. നേരുപറഞ്ഞാൽ, അവർ മരിച്ചുകൊണ്ടിരിക്കുകയാണു്" എന്നു് ഫാക്ക്ലെവർ അറിയിച്ചു. പെട്ടെന്നു് കന്യാസ്ത്രീമഠത്തിൽനിന്നും മണിനാദം മുഴങ്ങി. കന്യാസ്ത്രീ മരിച്ചതിനെത്തുടർന്നായിരുന്നു ആ മണിമുഴക്കം.

"ശ്രീ മാഡ്ലീൻ! പ്രധാനപ്പെട്ട പ്രവേശനദ്വാരത്തിൽ കൂടി അങ്ങു് തിരിച്ചു പോകുന്നതും ആപത്താണു്. ആരെങ്കിലും കണ്ടെന്നിരിക്കും. ഇവിടെ വന്നു ചേർന്നവഴിയിൽ കൂടി തിരിച്ചു പോകുന്നതാണു് നന്നു്." തോട്ടക്കാരൻ നിർദ്ദേശിച്ചു.

ജീനിന്റെ മുഖം വിളറി. ആ മതിലിൽക്കൂടി താഴെ ഇറങ്ങുക എന്ന കാര്യം ഓർത്തപ്പോൾ അയാൾ ഞെട്ടിപ്പോയി. ഇറങ്ങിച്ചെല്ലുന്നതു് പോലീസുകാരുടെ വായിൽ ആയിരിക്കും. ജാവെർട്ട് അയാളെ കാത്തു നില്ക്കുണ്ടായിരിക്കും.

"ഫാക്ക്ലെവർ, ഇവിടെ വന്ന വഴി ഞാൻ മറന്നു പോയി. അതെങ്ങനെ ആയാലെന്താ? ഞാൻ

മുകളിൽനിന്നും താഴെ വന്നു വീണെന്നു് വിചാരിച്ചു കൊണ്ടാൽമതി.” ജീൻ പ്രതിവചിച്ചു.

ഫാക്കു്ലെവൻറു് ഈ സമയം ഉറങ്ങിക്കിടക്കുന്ന കോസെറിനെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. “എന്തൊരോമനയായ കുട്ടി! എന്താണവളുടെ പേരു്?” അയാൾ ആരാഞ്ഞു. അവളുടെ അപ്പൂപ്പനായിരിക്കും മാഡ്ലീൻ എന്നു് തോട്ടക്കാരൻ ഊഹിച്ചു. ജീൻ ആ ഊഹം ശരിവച്ചു.

“അവളെ വെളിക്കു കൊണ്ടുപോകാൻ എളുപ്പമാണു്. എൻറെ വലിയ പെട്ടിക്കകത്തു് അവളെ ഇരുത്തി വെളിയിൽ കൊണ്ടുചെന്നു്, എൻറെ ഒരു പഴയ സുഹൃത്തിനെ ഏല്പിക്കാം. ഇന്നും നാളെയും അയാൾ അവളുടെ കാര്യം നോക്കിക്കൊള്ളും. അവിടെനിന്നും അവളേയുംകൂട്ടി അങ്ങോട്ടു പോകാം. പക്ഷേ അങ്ങു് എങ്ങനെ വെളിയിൽ പോകും? അതാണു് വിഷമം പിടിച്ച കാര്യം.” ഫാക്കു്ലെവൻറു് വിഷാദത്തോടെ പറഞ്ഞു.

ജീൻ മറുപടി ഒന്നും പറഞ്ഞില്ല. ഉടൻ വീണ്ടും മണി മുഴങ്ങി.

“ഇനി എനിക്കു പോകാതെ തരമില്ല. മഠത്തിലെ അമ്മ എന്നെ വിളിക്കുകയാണു്. ഞാൻ തിരിച്ചുവരും

വരെ സൂക്ഷിച്ചിരിക്കുക''.തോട്ടക്കാരൻ ഇത്രയുംപറഞ്ഞു് മഠത്തിനുള്ളിലേയ്ക്കു പോയി.

മഠത്തിലെ മാതാവു് തോട്ടക്കാരനെ കാത്തു നിൽക്കുകയായിരുന്നു. അയാൾ അവരെ വന്ദിച്ചിട്ടു്, മുറ്റത്തു നിന്നു. അമ്മ പറഞ്ഞു. "എനിക്കു് പ്രധാനപ്പെട്ട ഒരു കായ്യം അറിയിക്കാനുണ്ടു്".

വൃദ്ധനായ തോട്ടക്കാരൻ അറിയിച്ചു. "എനിക്കും ബഹുമാനപ്പെട്ട മാതാവിന്റെ മുമ്പിൽ ഒരു സങ്കടം ഉണത്തിക്കാനുണ്ടു്".

"എന്താണതു്?" അമ്മ അറിയാൻ താല്പര്യപ്പെട്ടു.

"ഏറ്റവും ബഹുമാനപ്പെട്ട അമ്മേ, എനിക്കു വയസ്സും ക്ഷീണവും വർദ്ധിച്ചു വരികയാണു്. തോട്ടത്തിലെ പണിയോ, കൂടച്ചൊന്നുമല്ല. എനിക്കു് ഒരു അനുജനുണ്ടു്. ബഹുമാനപ്പെട്ട അമ്മ സമ്മതിക്കുമെങ്കിൽ അവൻ ക്രൂടി ഇവിടെവന്നു് എന്നെ സഹായിക്കും. അയാൾ ഒരു ഒന്നാംതരംതോട്ടക്കാരനാണു്. അയാൾക്കു് ഒരു കൊച്ചുമകളുണ്ടു്. അവളെ കന്യാസ്ത്രീമഠത്തിലേയ്ക്കു് എടുക്കുകയും ചെയ്യാം."

തോട്ടക്കാരന്റെ സങ്കടം കേട്ടുകൊണ്ടിരുന്ന അമ്മ ഒടുവിൽ ഇങ്ങനെ പറഞ്ഞു. "രാത്രി ആകുംമുമ്പു് നല്ല ബലമുള്ള ഒരു ഇരുമ്പുകമ്പികൊണ്ടു വരാമോ? ഇന്നു

കാലത്തു് ഇവിടെ മരിച്ച അമ്മയുടെ [1]അന്തിമാഭീലാഷം അവരെ മഠത്തിനകത്തുള്ള [2]ചേപ്പലിൽ സംസ്കരിക്കണമെന്നാണു്. മനസ്സിലായോ?"

"പക്ഷേ, അമ്മേ, അങ്ങിനെ ചെയ്യാൻ പാടുണ്ടോ? അതു് വിലക്കപ്പെട്ടകായ്മല്ലേ?" വൃദ്ധൻസംശയം പ്രകടിപ്പിച്ചു.

"വിലക്കിയതു് മനുഷ്യനാണു്. ഈശ്വരനല്ല" മാതാവു് മറുപടി നല്കി. അവർ തുടർന്നു. 'ഞങ്ങൾക്കു നിങ്ങളെ വിശ്വാസമാണു്. പരേതയായ മാതാവിന്റെ ശരീരം ശവപ്പെട്ടിയിൽ അടച്ചു് [3]പൂജാവേദിയ്ക്കടിയിൽ തന്നെ സംസ്കരിക്കണം, ഇന്നു് പാതിരാത്രിക്കു് അല്പം മുമ്പു്. മറക്കരുതു്. ആരും അറിയുകയും ചെയ്യരുതു്."

"ഇല്ലമ്മേ, നമുക്കു് അതു ചെയ്യാം. ആളുകൾ കാൺകെ, ശവപ്പെട്ടിയിൽ ശവംകിടത്തി ആണി അടിക്കണം. പിന്നീടു് രഹസ്യമായി പൊളിച്ചു്, ശവത്തെ ഇവിടെവച്ചു് സംസ്കാരകർമ്മം കഴിച്ചിട്ടു്, പെട്ടി വീണ്ടും അടയ്ക്കാം. സക്കാരുദ്യോഗസ്ഥന്മാർക്കു് ഒരു

---

1. അന്തിമാഭീലാഷം = അവസാനത്തെ ആഗ്രഹം.
2. ചേപ്പൽ = വൈദികഭവനത്തിനകത്തുള്ള കുരിശുപള്ളി.
3. പൂജാവേദി = പൂജാസ്ഥലം.

സംശയവും തോന്നുകയില്ല. ഇനി അമ്മയ്ക്കു വല്ലതും പറയാനുണ്ടോ?"

"ഉണ്ട്. ആ ഒഴിഞ്ഞ ശവപ്പെട്ടി എന്തുചെയ്യും?"

അതിനും പരിഹാരം അയാൾക്കു് പറയാൻ കഴിഞ്ഞു. "ബഹുമാനപ്പെട്ട അമ്മേ, ഞാൻ അതിൽ മണ്ണു നിറച്ചു് സിമത്തേരിയിൽ കൊണ്ടുപോകും. അതു് ഞാൻ തുണി കൊണ്ടു മൂടും. ശവസംസ്കാരക്രിയകളെല്ലാം അവിടെവച്ചു കാട്ടിക്കൂട്ടും. വാസ്തവത്തിൽ ആ ക്രിയ നടക്കുന്നതു് ഇവിടെ വച്ചായിരിക്കുകയും ചെയ്യും".

കുണ്ഠിതയും ചിന്താകുലയും ആയിരുന്ന അമ്മയുടെ മനസ്സു് ഈ നിർദ്ദേശോപദേശങ്ങൾ കേട്ടു് സ്വസ്ഥമായി. അനുജനെയും മകളെയും കൊണ്ടുവരാൻ അവർ തോട്ടക്കാരനു് അനുമതി കൊടുത്തു.

ചോദ്യങ്ങൾ

1. കന്യാസ്ത്രീമഠത്തിൽ കോസെറിനോടുകൂടി ജീൻവാൽജീൻ എങ്ങനെ എത്തിച്ചേർന്നു?
2. ജീൻവാൽജീനു് ഫാക്ടർലെവൻവു് ചെയ്ത പ്രത്യുപകാരം എന്തായിരുന്നു?

---

7. ശവപ്പെട്ടിക്കുള്ളിൽ ജീവനുള്ള മനുഷ്യൻ

തോട്ടക്കാരൻ അയാളുടെ ക്രയിൽ ചെന്നപ്പോൾ, ജീൻവാൽജീൻ കോസെറ്റുമായി രക്ഷാമാർഗ്ഗങ്ങളെപ്പറ്റി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു.

'കേപംക്ലു കുഞ്ഞേ!; നാം ഈ വീട്ടിൽനിന്നു പോകണം. എന്നിട്ട് നമുക്ക് തിരിച്ചുവരാം. പിന്നീടു നമുക്ക് ഇവിടെ സുഖമായി കഴിയാം. ഇവിടത്തെ അമ്മാവൻ നിന്നെ പെട്ടിയിലാക്കി ചുമന്ന് വെളിയിൽ കൊണ്ടുപോയി, ഒരു സ്നേഹിതന്റെ വീട്ടിൽഎത്തിക്കും. ഞാൻ പിന്നെ വന്നുനിന്നെ കൊണ്ടുപൊയ്ക്കൊള്ളാം. ഏതായാലും അദ്ദേഹം പറയുന്നതു് അനുസരിക്കണം."

കോസെറ്റ് ഗൗരവപൂർവ്വം തലകുലുക്കി സമ്മതം പ്രകടിപ്പിച്ചു.

തോട്ടക്കാരനെ കണ്ട ഉടനെ ജീൻവാൽജീൻ ഉൽക്കണ്ഠാകുലനായി ചോദിച്ചു. "എന്തായി ഒരുക്കങ്ങൾ"?

"അങ്ങനെ കന്യാസ്ത്രീ മഠത്തിൽ കൊണ്ടുചെല്ലാൻ അനുവാദം കിട്ടി. പക്ഷേ ആദ്യമായി വേണ്ടതു് അങ്ങ് ആക്കും സംശയം തട്ടാതെ പുറത്തു പോവുകയാണു്. അതാണു് ദുർഘടം. മരിച്ച കന്യാസ്ത്രീയെ കന്യാമഠ

ത്തിൽ സംസ്കരിക്കും. പക്ഷെ എനിക്ക് ഒഴിഞ്ഞ ശവപ്പെട്ടിയിൽ മണ്ണു നിറച്ച്, അതെടുത്തു[1] സിമത്തേരിയിൽ കൊണ്ടു പോകണം. മണ്ണ് മനുഷ്യ ശരീരമെന്നു വിശ്വസിപ്പിക്കുന്നതാണ് പാട്. ഏതായാലും അക്കാര്യമെല്ലാം തെറ്റു പറ്റാതെ ചെയ്യുമെങ്കിൽ നിങ്ങളെ രണ്ടു പേരെയും മഠത്തിൽ പാർപ്പിക്കാൻ എനിയ്ക്ക് അനുവാദം ലഭിക്കും." തോട്ടക്കാരൻ രക്ഷാമാർഗ്ഗം വിവരിച്ചു.

"നിങ്ങളം പറയുന്ന ഈ ഒഴിഞ്ഞ പെട്ടി ഏതാണ്?" ജീൻ അതറിയാൻ ഉത്സുകനായി.

"സക്കാരിൽനിന്നും കൊടുത്തയയ്ക്കുന്ന ശവപ്പെട്ടിയാണതു്. ഒരാൾ മരിച്ചാൽ പൊതുവായ സിമത്തേരിയിൽ ശവം സംസ്കരിക്കുന്നതിനു സക്കാരിൽനിന്നും ഒരു പെട്ടി കൊടുക്കും. അതൊഴിഞ്ഞു കിടക്കുന്നു എന്നു് സക്കാർ മനസ്സിലാക്കുമോ എന്നാണ് എന്റെ ഭയം. ഭാരമില്ലാത്തതുകൊണ്ട് പെട്ടി ആട്ടുകയോ മറോ ചെയ്യുന്നവരും."

"ആ പെട്ടിയിൽ ഒരു ശരീരം വച്ചുക്കൂടേ?"

---

1 സിമത്തേരി=ശ്മശാനം — Cemetary എന്ന ഇംഗ്ലിഷ് വാക്കിൽനിന്നു്.

"എന്തു"? ശരീരമോ?

"ജീവനുള്ള ശരീരമായാൽ എന്താ?".

"ആരുടെ ജീവനുള്ള ശരീരം?"

"എന്റെ ശരീരം. അങ്ങനെ ആയാൽ എനിക്കു് വിഷമിക്കാതെ ഈ പറമ്പിൽനിന്നും രക്ഷപ്പെടാമല്ലൊ"

"എന്തു"? അങ്ങയുടെ ശരീരമോ?"

"അതേ; എന്തുകൊണ്ടു പാടില്ല.? ശവപ്പെട്ടി എവിടെ?"

"താഴെ ആ ശവമുറിയിലുണ്ടു്,"

"എന്റെ ആശയത്തെപ്പറ്റി എന്തു തോന്നുന്നു?"

"ശരിയാണു്. അത്രമാത്രമേ ഇപ്പോൾ പറയുകയുള്ളൂ".

"രാത്രിയാകുന്നതുവരെ, നിങ്ങളുടെ പണിസ്സാമാനങ്ങൾ സൂക്ഷിച്ചിട്ടുള്ള മുറിയിൽ,ആരും കാണാതെ ഞാൻ ഒളിച്ചിരിക്കാം. രണ്ടു മണിക്കു് നിങ്ങൾവന്നു് എന്നെ പെട്ടിയിലാക്കി ആണിയടിക്കണം. പക്ഷേ വിഷമംമൂലവനും വേറൊന്നു കൊണ്ടാണു്. സിമത്തേരിയിൽ ശവപ്പെട്ടി കൊണ്ടു ചെന്നതിൽ പിന്നീടു് ഞാൻ രക്ഷപ്പെട്ടന്നതെങ്ങനെ? അവിടെ കാണുകയില്ലേ ഒരു ശവക്കുഴി എടുപ്പുകാരൻ?" ജീൻ അന്വേഷിച്ചു.

"അതു സാരമില്ല. എന്തെങ്കിലും കാരണംപറഞ്ഞു് ഞാൻ അയാളെ അവിടെനിന്നും അയച്ചുകൊള്ളാം. എനിക്കു് അവനെ നല്ല പരിചയമാണു്."

"എങ്കിൽപ്പിന്നെ ഒന്നും വിഷമിക്കാനില്ല. എല്ലാം നാം ആശിക്കുംപോലെ തന്നെ സംഭവിക്കും". ജീൻ [1] ശുഭാപ്തി വിശ്വാസത്തോടെ പറഞ്ഞു.

പിറേറദിവസം സൂര്യൻ അസ്തമിച്ചപ്പോൾ, കറുത്ത കുരിശു വരച്ചിട്ടുള്ള വെള്ളവസ്ത്രംകൊണ്ടു മൂടിയ ഒരു ശവപ്പെട്ടി സിമത്തേരിയിലേയ്ക്കു് നയിക്കപ്പെട്ടു.

അന്തരിച്ച മാതാവിനെ പൂജാവേദിക്കടിയിൽ തന്നെ സംസ്കരിച്ചു. കോസെറിനെ പെട്ടിയിലടച്ചു് തോട്ടക്കാരന്റെ കുടിലിൽനിന്നും വെളിയിൽ അയച്ചു കഴിഞ്ഞിരുന്നു. പക്ഷേ ഏറ്റവും പ്രധാനമായ കാര്യം ഇനിയും സാധിക്കേണ്ടിയിരിക്കുന്നു.

ശവമഞ്ചം സിമത്തേരിയുടെ വാതുക്കൽ വന്നു. ഫാക്കു്ലെവെൻറിനു് ഈ സന്ദർഭത്തിൽ ഒരു വിഷമം നേരിട്ടു. പഴയ ശവക്കുഴി എടുപ്പുകാരനെയല്ല അവിടെ കണ്ടതു്. അയാൾ മരിച്ചുപോയിരുന്നു. പുതിയ ആളു

---

1 ശുഭാപ്തിവിശ്വാസം= ശുഭംഉണ്ടാകുമെന്നുള്ള വിശ്വാസം

മായി തോട്ടക്കാരൻ പെട്ടെന്നു് ഇണക്കംക്രൂടി, ശവ മഞ്ചത്തെ അകത്തു പ്രവേശിപ്പിച്ചു. പിന്നീടു മുറയ്ക്കു് സംസ്കാരസംബന്ധമായ ചടങ്ങുകളം നടക്കുകയായി. ഈ ഭയങ്കരമായ നാടകത്തിന്റെ വിവിധഘട്ടങ്ങളം പെട്ടിക്കുള്ളിൽ കിടന്ന ജീൻ ശ്രദ്ധിച്ചുക്കൊണ്ടിരുന്നു. ഒടുവിൽ ശവപ്പെട്ടി കുഴിയിലേയ്ക്കു് ഇറക്കി. പരേത യുടെ ആത്മാവിനുവേണ്ടി പുരോഹിതൻ അന്ത്യപ്രാർത്ഥ ന നടത്തി. വിശുദ്ധജലം ശവപ്പെട്ടിയിൽ തളിച്ച പ്പോളം ജീനിന്റെ ശരീരം ഒന്നു തണുത്തു. "എല്ലാം ഇപ്പോളം തീരുമല്ലോ. പുരോഹിതൻ പോകും. ഫാക്കു് ലെവൻറു് കുഴിയെടുപ്പുകാരനെ ഇവിടെ നിന്നും കൊണ്ടു പോകും. പിന്നീടു് അയാളം തിരിച്ചുവന്നു്, എന്നെ പെട്ടിക്കു പുറത്താക്കും "ജീൻ ഈ സമയമെല്ലാം വരാൻ പോകുന്ന നടപടികളെ ഓർത്തു് ആശ്വസിക്കുകയായി രുന്നു.

പുരോഹിതൻ സ്ഥലംവിട്ടു. കുഴിയെടുപ്പുകാരനും ഉടൻതന്നെ പോകുമെന്നുജീൻ വിചാരിച്ചുകൊണ്ടു കിടന്ന പ്പോളം, തലയ്ക്കു മുകളിൽ ഇടി വെട്ടുംപോലെ ഒരു ശബ്ദം കേട്ടു. ഒരു മൺവെട്ടി നിറയെ മണ്ണു് ശവപ്പെട്ടി യിൽ വീഴുകയാണു്. വീണ്ടും ഒരു മൺവെട്ടി മണ്ണുക്രൂടി. ശ്വസിക്കാൻ വായു കടന്നുകൊണ്ടിരുന്ന ഒരു ദ്വാരം പെട്ടിയിൽ ഉണ്ടായിരുന്നതു് മണ്ണുവീണു് അടഞ്ഞു. മണ്ണു പിന്നീടും വീഴുകയായി. ഏറ്റവും വലിയ കരുത്തുള്ളവനു

പോലും താങ്ങാനും സഹിക്കാനും കഴിയാത്ത ഭാരമാണ് പുറത്തുവന്നു മറിയുന്നതു്. ജീൻ ബോധരഹിതനായി.

കുഴിയെടുപ്പുകാരനും ഫാക്കുലെവൻറും മാത്രമേ സിമത്തേരിയിൽ ഉണ്ടായിരുന്നുള്ളൂ. പുതിയ ജോലിക്കാരനായതുകൊണ്ടു് കുഴിയെടുപ്പുകാരൻ ഒരു നവോത്സാഹത്തോടെ സ്വകൃത്യം ചെയ്യാൻ ഒരുങ്ങി. മുറയ്ക്കു് മണ്ണു വെട്ടിയിട്ടു് ശവക്കുഴി മൂടാൻ തുടങ്ങി. ഫാക്കുലെവൻറു് പരിഭ്രാന്തനായെങ്കിലും, അയാൾക്കു് പെട്ടെന്നു് ഒരു യുക്തി തോന്നി. സൂത്രത്തിൽ കുഴിയെടുപ്പുകാരൻറെ ലൈസൻസു് അയാളറിയാതെ കീശയിൽനിന്നും തട്ടിയെടുത്തു. അനന്തരം അയാൾ ചോദിച്ചു.

"ചങ്ങാതീ, നിങ്ങൾ ഈ തൊഴിലിൽ പുതിയ ആളാണു്. ഞാൻ ഈ സിമത്തേരിയിൽവച്ചു് നിങ്ങളെ മുമ്പു കണ്ടിട്ടില്ല. നിങ്ങളുടെ ലൈസൻസു് എവിടെ?"

കുഴിയെടുപ്പുകാരൻ കീശയിൽ തപ്പി. "അയ്യോ! സ്നേഹിതാ, ഞാൻ അതു കൊണ്ടുവരാൻ മറന്നുപോയി."

അയാൾ മാപ്പിരന്നു. ജോലിയിൽ നിൽക്കുമ്പോൾ കയ്യിൽ ലൈസൻസില്ലെങ്കിൽ ശിക്ഷ പതിനഞ്ചു ഫ്രാങ്കാണു്. പാവപ്പെട്ട ഒരു ശവക്കുഴിയെടുപ്പുകാരനു് അതു് ഒരു വമ്പിച്ച തുകയല്ലേ?. അയാളുടെ കയ്യിൽ നിന്നും മൺവെട്ടി താഴെ വീണുപോയി.

"വിഷമിക്കേണ്ട. വീട്ടിൽ പോയി അത്ര കൊണ്ടു വന്നാൽ മതി. പിന്നെ ജോലി ചെയ്താൽ മതിയാകും. ഞാൻ ഇവിടെ നില്ക്കാം." ഫാക്കുലെവന്റു് സമ്മതിച്ചു.

കുഴിയെടുപ്പുകാരൻ വീട്ടിലേയ്ക്കു് ഓടി. ഫാക്കുലെവന്റെ് ശവക്കുഴിയിലേയ്ക്കു കുനിഞ്ഞു നിന്നു മന്ത്രിച്ചു. "മാഡ്ലീൻ."

ഉത്തരം കിട്ടിയില്ല. തോട്ടക്കാരൻ ഞെട്ടിപ്പോയി. പെട്ടെന്നു് അയാൾ ഉളിയും കൊട്ടവടിയുമെടുത്തു് ശവപ്പെട്ടിയുടെ മുകൾപ്പലക ഇളക്കി. ജീൻവാൽജീന്റെ മുഖം ദൃശ്യമായി. പക്ഷേ ശരീരം നിശ്ചലമായിരുന്നു. വൃദ്ധനായ തോട്ടക്കാരന്റെ ബുദ്ധി സ്തംഭിച്ചു. അഭിനയം സത്യമായി എന്നോ ? മാഡ്ലീൻ മരിച്ചു പോയോ ? താൻ ഇനി എന്തു ചെയ്യും. ? കോസെറിന്റെ ഗതി എന്താകും ? ഒരു നിമിഷത്തിനകം എത്രയെത്ര ചിന്തകളാണു് അയാളുടെ മനസ്സിൽ കെട്ടിമറിഞ്ഞതു് !

തണുത്ത ശ്വാസവായു ശ്വസിച്ചപ്പോൾ ജീനിന്റെ ബോധക്കേടു നീങ്ങി. "ഞാൻ ഉറങ്ങുകയായിരുന്നു. നല്ല തണുപ്പു തോന്നുന്നു." എന്നു പറഞ്ഞു് ജീൻ ശവപ്പെട്ടിയിൽ എഴുന്നേറ്റിരുന്നു. ഉടനെ രണ്ടുപേരും സ്ഥലം

വിടണമെന്നു് ഫാക്കു്ലെവൻറു് തീരുമാനിച്ചു. അവർ ഒഴിഞ്ഞു കിടന്ന ശവപ്പെട്ടി കഴിച്ചുമൂടിയിട്ടു്, അവിടെ നിന്നും തിടുക്കത്തിൽ യാത്രയായി.

രാത്രി അധികം കഴിഞ്ഞിരുന്നില്ല. അന്നുതന്നെ ഫാക്കു്ലെവൻറു് ജീനിനേയും കോസെറ്റിനേയും കൊണ്ടു്, കന്യാസ്ത്രീമഠത്തിൽ പ്രവേശിച്ചു്, മുഖ്യമാതാവിനെ കണ്ടു. മാതാവു് സന്തോഷപൂർവ്വം ജീനിനെ തോട്ടപ്പണിക്കു നിയോഗിച്ചു. കന്യാസ്ത്രീമഠത്തിൽ സൗജന്യമായി പഠിപ്പിക്കുന്ന കുട്ടികളുടെ ക്ലാസ്സിൽ കോസെറ്റിനെച്ചേർത്തു.

പിറേറദിവസംതൊട്ടു്, ജീൻവാൽജീൻ ഒരു പുതിയ ജീവിതമാണു് ആരംഭിച്ചതു്. അയാൾ പോലീസുകാരുടെ അലട്ടലിൽനിന്നും സുരക്ഷിതനായികഴിഞ്ഞു. കോസെറ്റിൻെറ വിദ്യാഭ്യാസത്തെക്കുറിച്ചു് [1] ആശങ്കിക്കേണ്ട കാര്യമില്ല. എന്നും ഒരു മണിക്കൂർസമയം അയാളോടൊത്തു കഴിയുവാൻ കോസെറ്റിനു് അനുവാദം ലഭിച്ചിരുന്നു. ഇങ്ങനെ അത്യന്തം ആനന്ദകരമായിരുന്ന മഠത്തിലെ

---

1. ആശങ്ക = സംശയം

ജീവിതാ പ്രശാന്തമായ ഉദ്യാനവും സുന്ദരങ്ങളായ പുഷ്പ ങ്ങളും ആനന്ദമത്തരായി കോലാഹലം ക്കുട്ടുന്ന കുട്ടികളും സൗമ്യശീലരും ലളിതമനസ്കരുമായ സ്ത്രീകളും—ആ ആകർഷകമായ അന്തരീക്ഷം അയാളുടെ ചൈതന്യ ത്തിൽ ഇഴുകിച്ചേർന്നു. ആത്മാവു് [1] പ്രഫുല്ലവും വിശുദ്ധ വുമായി.


അങ്ങനെ പല വർഷങ്ങളും കഴിഞ്ഞു. ബാലിക യായ കോസെറ്റു് ഒരു യുവതിയായിത്തീർന്നു.

ചോദ്യം

1 ജീൻവാൽജീൻ കന്യാസ്ത്രീമഠത്തിൽനിന്നും രക്ഷപ്പെടു ച്ചതു് എങ്ങനെ?

---

1. പ്രഫുല്ലം = അധികംവികസിച്ച



This is a good book.
By.
M.

[illegible]

[illegible]

[illegible]